


നാടകങ്ങൾ

Chaliyathi
ചാലിയത്തി
One act plays in Malayalam
Edasseri Govindan Nair
©Rights reserved.

# ചാലിയത്തി

നാടകങ്ങൾ

1.

## നഷ്ടപരിഹാരം

2.

## ഞങ്ങൾ ദയയെ തൂക്കിക്കൊന്നു

3.

## ചാലിയത്തി

ഇടശ്ശേരി ഗോവിന്ദൻ നായർ

# നഷ്ടപരിഹാരം

**കഥാപാത്രങ്ങൾ**

| | |
|---|---|
| **സുകുമാരമേനോൻ** | **പെനാങ്കിൽനിന്നു വന്ന പുതുപണക്കാരൻ** |
| **വിലാസിനി അമ്മ** | **സമ്പന്നമായ ഒരു വലിയ തറവാട്ടിലെ ആലംബമില്ലാത്ത ചെറുപ്പക്കാരിയായ ഏക അവകാശി.** |
| **വാസു** | **സുകുമാരമേനോന്റെ സുഹൃത്തെന്നോ കാര്യസ്ഥനെന്നോ പറയാവുന്ന ചെറുപ്പക്കാരൻ.** |
| **പാറുക്കുട്ടി** | **വിലാസിനി അമ്മയുടെ ജോലിക്കാരി.** |
| **പണിക്കർ** | **പൊരുത്തുകാരൻ.** |
| **കോയമൊയ്തീൻ** | **സുകുമാരമേനോന്റെ പൊരുത്തുകാരൻ.** |

രംഗത്തിന്റെ വലത്തെ പകുതി: ഒരു തട്ടിട്ട പൂമുഖത്തിന്റെ ഭാഗം. പൂമുഖത്തുള്ള ഒരു ചിത്രത്തൂണു മാത്രം കാണാം. ഇടത്തെ പകുതി. മുൻഭാഗം മുറ്റം. അരുകിൽ വാടിയ തുളസിച്ചെടികൾ നിൽക്കുന്നു. മുറ്റത്തിന്നു പിന്നിൽ മുളവേലിയും അതിന്നു നടുവിൽ ഒരു കടമ്പയും. അതിന്നു പിന്നിൽ തോട്ടമാണ്. വൃക്ഷങ്ങളുടെ ചാഞ്ഞ കൊമ്പുകളും ഇലകളും കാണാം. മുറ്റത്തു നിന്നു കോലായിലേയ്ക്കു കയറാൻ ഒതുക്കൾ ഉണ്ട്.

സമയം പ്രഭാതം. യവനിക ഉയരുമ്പോൾ പാറുക്കുട്ടി പൂമുഖത്ത് പുൽപ്പായ നിരത്തി വിരിക്കുന്നു. യജമാനത്തി, വിലാസിനി അമ്മ തോട്ടത്തിൽനിന്നു കടമ്പ കടന്നു വരുന്നു.ി

വിലാസിനി: (ഒരു നിമിഷനേരം പുൽപ്പായ വിരിക്കുന്നതു് നോക്കി നിന്നിട്ട്) ഭംഗിയായി, പാറുക്കുട്ടി!

പാറുക്കുട്ടി: (സസ്മിതം) വീടുകാണാൻ ആൾ വരുമ്പോൾ പൂമുഖം അന്തസ്സിലിരിക്കണ്ടേ?

വിലാസിനി: വീടു കാണലോ! (വിഷാദച്ഛായയോടെ) അല്ലെങ്കിൽ, ഇങ്ങിനെ ഒരു വീടുകാണലേ ഈ തറവാട്ടിലുണ്ടാവാനുള്ളു.

പാറുകുട്ടി: (അപാരബോധത്തോടെ) ഞാനത് ഉദ്ദേശിച്ചില്ല, അമ്മെ! ഈ വീട് നന്നോ നോക്കി, നന്നെങ്കില് വാങ്ങാനാണലോ സുകുമാരമേനോനും കൂട്ടരും വന്നിരിക്കണത്. അതേ ആലോചിച്ചുള്ളു.

വിലാസിനി: നീയെന്നെ കളിയാക്കീന്ന് എനിക്കും വിചാരിച്ചു കൂടാ. അങ്ങിനെ അന്തസ്സില്ലാതെ ഞാൻ ദാസിമാരോടു പെരുമാറില്യാ.

പാറുക്കുട്ടി: (ഒരു നിമിഷം കഴിഞ്ഞ്) മേനോൻ പറമ്പൊക്കെ നോക്കിക്കഴിഞ്ഞോ?

വിലാസിനി: നോക്കി വരുന്നു. ഞാൻ അവിടെത്തന്നെ നിന്നാൽ പറ്റില്ലല്ലോ. വീടുകാണാൻ ആൾ വരുമ്പോൾ പെണ്ണ് ചമഞ്ഞൊരുങ്ങി നിൽക്കണ്ടേ?

പാറുക്കുട്ടി: ഞാനൊന്നുല്ല ഇത് പറഞ്ഞുണ്ടാക്ക്ണത്.

വിലാസിനി: ആവില്യാ. പക്ഷെ ഒരാള് വേണം, ഒരു കുസൃതി മെടഞ്ഞുണ്ടാക്കണെങ്കില്.

പാറുക്കുട്ടി: അമ്മടെ സ്വന്ത ആൾക്കാര് തന്നെയാ.

വിലാസിനി: ആയിരിക്കും. ആരാണെന്ന് ഞാൻ ചോദിക്കില്യാ. ആ തള്ള നിയ്യായിട്ട് കൊറെ നേരം കുശുകുശുക്കണത് ഞാൻ കണ്ടിരിക്കുന്നു. പക്ഷെ അവര് എന്റെ എളയമ്മയാണ്, എനിക്കൊരപരാധം പറഞ്ഞുണ്ടാക്കീന്ന് ഞാൻ വിശ്വസിച്ചുകൂടാ.

പാറുക്കുട്ടി: അതുതന്നെയാ ഞാൻ പറഞ്ഞത്. ഒടുക്കം നിങ്ങളൊക്കെ ഒന്നാവും. വാല്യക്കാരത്തി പുറത്തും.

വിലാസിനി: ഞങ്ങളൊന്നുതന്നെയല്ലെ? എനിക്കൊരു തണലാവണം എന്ന് വെച്ചിട്ടാണ് വിട്ടുപോയ ഒരു താവഴിക്കാരിയെ അച്ഛൻ പിന്നേയും കൊണ്ടന്ന് വടക്കേക്കെട്ടില് വാഴിച്ചത്. പോരെങ്കില്, ഒസ്യത്തില് ഒരവകാശവും വെച്ചുകൊടുത്തിട്ടുണ്ട്. വീടും പറമ്പും വിൽക്ക്വാണെങ്കില് നാലിലൊന്ന് അവർക്ക് കൊടുക്കണമെന്ന്. അത് ഞാൻ കൊടുക്കും. അല്ലെങ്കിൽ, അത് കഴിയുന്ന വേഗം കൊടുക്കാൻ വേണ്ടിയാണ് ഞാനീ വീടും പറമ്പും വിൽക്കുന്നത് തന്നെ.

പാറുക്കുട്ടി: പക്ഷെ, വടക്കേക്കെട്ടിൽകാര് പറഞ്ഞത് അങ്ങിനെയല്ല.

വിലാസിനി: എന്താ, അവർക്കൊന്നും വേണ്ടാന്നാ? ഒരു സമയം അച്ഛൻ എളയമ്മക്ക് ദാനം കൊടുത്ത പോലെ എളയമ്മയും അച്ഛന്റെ മകൾക്ക് ദാനം തര്യായിരിക്കും. അവരത് ചെയ്തുകൂടാ എന്നില്യാ. അത്രയ്ക്കധികം സ്നേഹിച്ചിരുന്നു അവരച്ഛനെ!

പാറുക്കുട്ടി: അവകാശം വേണ്ടാ എന്നൊന്ന്വല്ല. വീടും പറമ്പും വിൽക്കണത് അരിപ്പറ കഴിക്കാൻ വേണ്ടീട്ടാണന്നാ.

വിലാസിനി: ആഹാ, അവരങ്ങനെ പറഞ്ഞു, ഇല്ല്യെ?

പാറുക്കുട്ടി: അമ്മടെ ജാതകത്തില് നെടുമംഗല്യത്തിന് യോഗല്യാത്രെ. അതുകൊണ്ട് അച്ഛൻ പ്രാർത്ഥിച്ചതാ, കുന്നത്തുകാവില് ഭഗവതിക്ക് അരിപ്പറ കഴിക്കാൻ.

വിലാസിനി: എളയമ്മ തന്നെ പറഞ്ഞുകൊടുത്തതായിരിക്കും അതച്ഛന്.

പാറുക്കുട്ടി: എന്നിട്ട് ഇയ്യിടെ രാശി വെച്ചപ്പൊ ആ ദോഷം കണ്ടു. എന്ത് ചെയ്തിട്ടെങ്കിലും അരിപ്പറ കഴിക്കണം. കേമായിട്ട് തന്നെ വേണേന്നീം. ചാർത്ത്പ്രകാരം രണ്ടായിരം മൂവായിരം ഉറുപ്പിക വരും. അതിന് വേണ്ടീട്ട് മാത്രാണ് വീടും പറമ്പും വിൽക്കണത് എന്നാ അവരെല്ലാവരോടും പറേണത്.

വിലാസിനി: അതിനു മുമ്പുതന്നെ അവരെനിക്കൊരു ഭർത്താവിനെ ഉണ്ടാക്കിത്തരും. ഏതായാലും ഞാനൊന്ന് കുളിക്കട്ടെ. മണി ഒമ്പതായി. കുളിക്കാതെയും വിഴുപ്പ് മാറ്റാതെയും ഞാൻ മണാളന്റെ മുമ്പില് നിന്നൂന്ന് നീ അവരോട് പറേരുതേ. അവർക്കതൊന്നും പിടിക്കില്യാ. വയസ്സായിട്ടുംകൂടി കണ്ണെഴുത്തും പൊട്ടും കൂടാതെ അവരെന്റെ അച്ഛന്റെ മുമ്പില് വന്നീര്ന്നിലാ. (പാർശ്വത്തിലേയ്ക്കു തിരിഞ്ഞ് ഒരു തുപ്പു തുപ്പിക്കൊണ്ട്) നീ ഇവിടെ ഉണ്ടായിരിക്കണം. മേനോനും ആൾക്കാരും പരിശോധന കഴിഞ്ഞ് ഇപ്പോൾ വരും. കുമാരപ്പണിക്കരോട് പറയൂ, – ആയാളാണ് നമ്മടെ ആള് - അവരെ ഇവിടെ ഇരുത്താൻ. എന്നിട്ട് നീ പോയി ചായയുണ്ടാക്കണം. മേനോന്റെ കൂടെ ഒരു വാല്യേക്കാരനൂണ്ട്, ഒരു കാര്യസ്ഥൻ മാപ്പിളയുമുണ്ട്.

(വിലാസിനി അമ്മ അകത്തേയ്ക്കു പോകുന്നു. പാറുക്കുട്ടി ഒരു ചവുട്ടി എടുത്തു കുടഞ്ഞ് കോലായിലിരുന്ന് താഴെ ഒതുക്കിന്മേൽ ഇടുന്നു. തോട്ടത്തിൽക്കൂടി വാസു വന്ന് കടമ്പയിൽ കയറി കാലും തൂക്കി ഇരിക്കുന്നു. ആയാൾ പാറുക്കുട്ടിയെ നോക്കി നീട്ടി വലിച്ചൊരു ചൂളമിടുന്നു. പാറുക്കുട്ടി നീരസത്തോടെ തലയുയർത്തി നോക്കുന്നു.)

വാസു: അത് ശരി. ഞാൻ വിചാരിച്ചത് പൂമുഖത്ത് ഒരോട്ടുകിണ്ടി തേച്ചു തൊടച്ച് വെച്ചതാന്നാ. ഇളംവെയിലത്തങ്ങനെ തുടുതുടാന്ന് മിന്ന്ണത് കണ്ടിട്ട്!

പാറുക്കുട്ടി: അതെയൊ! ഞാൻ വിചാരിച്ചത് ഓട്ടമൊളേല് കാറ്റ് നെറയാന്നാ. ‘പൂ പൂ’ ന്ന് ശബ്ദം കേട്ടിട്ട്!

വാസു: അയ്യോ, ഈ കടമ്പയില്ലെങ്കിൽ ഞാൻ അറ്റ് വീണീര്ന്നു.

പാറുക്കുട്ടി: (സോൽക്കണ്ഠമെങ്കിലും ഹാസ്യം വിടാതെ) ഇവിടുത്തെ വക പരിശോധനയൊക്കെ കഴിഞ്ഞേരിക്കും. എന്താ അഭിപ്രായം?

വാസു: മേത്തരം! ഞാൻ കണ്ടേലിക്കും വെച്ച് മേത്തരം!
പാറുക്കുട്ടി: (കാര്യത്തിൽ) നേര് പറയിൻ.
വാസു: നേര്. പാറുക്കുട്ടിയോട് വാസു നൊണ പറയ്യോ?
പാറുക്കുട്ടി: (സോത്സാഹം) എട്ടുകെട്ടും മാളികയും എങ്ങിനെ?
വാസു: ഓ, അത് ഇതിലും വലുത് കണ്ടിട്ടുണ്ട്.
പാറുക്കുട്ടി: മൂന്നുനില പത്തായപ്പുരയോ?
വാസു: ശൂ! അഞ്ചുനെല വരെ കണ്ടിട്ടുണ്ട്.
പാറുക്കുട്ടി: കൊട്ടിലും പടിപ്പുരേം നോക്കീലെ?
വാസു: അതെന്താ നോക്കാനുള്ളത്?
പാറുക്കുട്ടി: മുത്തു പോലത്തെ വെള്ളാണ് കൊളത്തില്.
വാസു: അതെന്ത് കൊളം! അറ്റ വേനക്കാലത്ത് കൂടി വെള്ളം പൊട്ടി ഒഴുക്ണ മണിക്കൊളം കണ്ടിട്ടുണ്ട്.
പാറുക്കുട്ടി: പിന്നെ എന്തേ ആവോ മേത്തരാന്ന് പറഞ്ഞത്? ആകാശേരിക്കും!
വാസു: അല്ല, നല്ല ശ്രീത്വമുള്ള കൂട്ടത്തിലാ.
പാറുക്കുട്ടി: ഏത്?
വാസു: (ചിരിച്ചുകൊണ്ട്) രണ്ടും. എജമാനത്തീം, വാല്യേക്കാരത്തീം.
പാറുക്കുട്ടി: അപ്പൊ പെണ്ണു കാണാൻ വന്നതാ, എജമാനനും വാല്യെക്കാരനും കൂടി?
വാസു: പെണ്ണും പെരയും തമ്മിലെന്താ ഭേദം, പാറുക്കുട്ട്യേ? കെട്ടിഭരിക്കണ്ട സാധനാ രണ്ടും.
പാറുക്കുട്ടി: ആഹാ, എന്നാൽ എജമാനൻ പെണ്ണും കെട്ടിക്കോട്ടെ; വാല്യെക്കാരന് പെരേം കെട്ടാം.
(രണ്ടാളും ചിരിക്കുന്നു. ചിരിയുടെ വേഗത്തിൽ വാസു കടമ്പയിൽനിന്നു താഴേയ്ക്കു ചാടുന്നു.)
വാസു: പെണ്ണാണോ, എന്നാൽ പണക്കാരന്റെ മേല് ! പക്ഷെ എന്റെ എജമാനനെ അതിനാരും കാക്കണ്ട. അദ്ദേഹത്തിന് പെണ്ണുങ്ങളെ പുച്ഛാണ്.
പാറുക്കുട്ടി: ഓ, പെനാങ്കിന്നു വന്നപ്പൊ കൊണ്ടന്നതേരിക്കും ഈ പുച്ഛം! പോണേന്റെ മുമ്പെ മറിച്ചായിരുന്നൂന്ന് കേട്ടിട്ടുണ്ട്.
വാസു: നാല് കാശുണ്ടാക്കിയപ്പോൾ ആയാളെപ്പറ്റി കഥയായി. ആളുകൾക്ക് എന്താ പറഞ്ഞൂടാത്തത്?
പാറുക്കുട്ടി: വാസുനായര് അന്നും കൂടെ ഉണ്ടലൊ.
വാസു: വാല്യേക്കാരനായിട്ടല്ല!
പാറുക്കുട്ടി: സ്നേഹിതന്മാരായിരുന്നൂന്ന് കേട്ടിട്ടുണ്ട്.
വാസു: അതെ. ഡിപ്ടിത്താസിൽദാര്ടെ മകളുടെ കൂടെ സംബന്ധാലോചിക്കാൻ പോയപ്പൊ സ്നേഹിതനായിട്ടു വാസൂം പോയി.
പാറുക്കുട്ടി: ‘ആദ്യം ഇരിക്കക്കൂര ഉണ്ടാക്ക്; എന്നിട്ടു പെണ്ണുണ്ടാക്കാം’ എന്നു പറഞ്ഞു താസിൽദാര്!
വാസു: അത് നൊണ. അത്ര നീട്ടി വലിച്ച് ലോഗ്യം പറയാൻ ആ ശുണ്ഠിക്കാരൻ തന്തയ്ക്ക് ക്ഷമയുണ്ടാവ്വോ?
പാറുക്കുട്ടി: എന്നാപ്പിന്നെ എന്തേ പറഞ്ഞത്?
വാസു: ‘ഫ! കഴുതേ’ എന്നൊരാട്ട്. എന്നിട്ട് താസിൽദാരദ്ദേഹം ഒന്നു തിരിഞ്ഞു നോക്കുമ്പോഴയ്ക്ക് ഈ മുപ്പര്പെനാങ്കില്; വാസു താസിൽദാരടെ അടുക്കളേലും.
പാറുക്കുട്ടി: (ശ്വാസംമുട്ടി ചിരിച്ചുകൊണ്ട്) ഇപ്പൊ എനിക്ക് വിശ്വാസായി.
വാസു: എന്നിട്ടെന്തേ! ഇത്പോലത്തെ നാലു കുടിയിരിപ്പിന് വേണ്ട പണം ഇപ്പൊ എന്റെ മൂപ്പര്ടെ അരപ്പട്ടേലുണ്ട്.
പാറുക്കുട്ടി: വലിയോര് ആട്ട്യാലും അനുഗ്രഹാണ്!
വാസു: അതല്ലേ മൂപ്പര് ഇപ്പൊ വാസൂനേം അനുഗ്രഹിക്ക്ണത്, നാഴികയ്ക്ക് നാല്പതു പ്രാവശ്യം; നന്നാവട്ടെ, നന്നാവട്ടേന്ന് വെച്ചിട്ട്.
പാറുക്കുട്ടി: (ദൂരെ തോട്ടത്തിലേയ്ക്കു നോക്കി) അതാ മൂപ്പര് വരുന്നു.
വാസു: (നോക്കീട്ട്) തിടമ്പെഴുന്നള്ളിച്ച ഒരു കുറുമ്പനാനെപ്പോലെ അല്ലെ, നോക്ക്, എന്റെ മൂപ്പരടെ

വരവ്?

പാറുക്കുട്ടി: പക്ഷെ പാപ്പാൻ തുലുക്കനാ.

വാസു: കോയമൊയ്തീനാ അത്. പൊരുത്തുകാരൻ.

പാറുക്കുട്ടി: എന്തുകാരൻ– ?

വാസു: പൊരുത്തുകാരൻ. എന്നുവെച്ചാൽ ദല്ലാലി. നെന്റെ പണിക്കരപ്പോലെത്തന്നെ.

പാറുക്കുട്ടി: എന്റെ പണിക്കരോ? ആയാള് കല്യാണിടെ പണിക്കാര്.

വാസു: ഏത് കല്യാണി?

പാറുക്കുട്ടി: നിങ്ങടെ താസിൽദാര്ടെയവിടെ അടിച്ചുതളിക്ക് നിന്നിരുന്ന കല്യാണി! ഇപ്പൊ കൊച്ചമ്മ ചമേണു അവള്; ഈയാളേം കുടുക്കിട്ടു പിടിച്ചിട്ട്. ഹയ്യട! എന്നാലോ എന്തൊരന്തസ്സാ പെണ്ണിന് കിട്ട്വാ, അരയ്ക്കാലുറുപ്പിക പോലെ ഒരാണിനേം കോന്തലയ്ക്കൽ കെട്ടിനടന്നാല്?

(പാറുക്കുട്ടി സാഭിപ്രായം കടാക്ഷിക്കുന്നു. സുകുമാരമേനോനും കോയമൊയ്തീനും തോട്ടത്തിൽ നിന്നു വരുന്നു. വാസു വിനീതനായി ഒതുങ്ങിനിൽക്കുന്നു.)

പാറുക്കുട്ടി: (കോലായിലേയ്ക്കു ചൂണ്ടി) അവിടെ ഇരിക്കാം. അമ്മ ഇപ്പൊ വരും. (അകത്തേയ്ക്കു പോകുന്നു)

കോയ: (നാലുപുറവും നോക്കി) പ്രമാണിമാര് ഇരിക്കണ്ട പൂമുകം. വല്ലാത്തൊരു പെര! ഈന്ത്കായ്ക്കുംപോലെ അല്ലേ കായ്ക്കണ് തെങ്ങ് ! ഏയ്മാനേ, കായി കൊടുത്താൽ കൊടുത്ത കായ്ക്ക്ണ്ട് മൊതല്.

മേനോൻ: (സഗൌരവം) അതെല്ലാം, എത്രപണമാണ് കൊടുക്കണത് എന്നതിനനുസരിച്ചിരിക്കും.

കോയ: ഇത്ണ്ടാക്കണങ്കില് ഇന്നൊരു ലച്ചം ഉണ്ടായാൽ പോര.

മേനോൻ: പക്ഷെ പണം ആരുടെ കയ്യിലുണ്ട്? അതാണ് ചോദ്യം. വസ്തു വില്പനയ്ക്ക് ധാരാളം വരുന്നുണ്ട്. ആവശ്യക്കാരുമുണ്ടാവും. പക്ഷെ വാങ്ങാൻ പണമുള്ളവർ ചുരുങ്ങും.

കോയ: നമ്മളിപ്പൊ അതിന് അത്രക്കൊക്കെ കൊടുക്കാൻ പോണ്ണ്ടോ?

മേനോൻ: വാസൂ, (വേലിയിലേയ്ക്കുചൂണ്ടി) നമ്മൾക്കിവിടെ ഒരു മതിൽ കെട്ട്വാണ് വേണ്ടത്. ഒരു ഗെയിറ്റും.

കോയ: അതെ, അത് തന്നയാ ഒരു പത്രാസ്.

മേനോൻ: ഇതാ, ഇവിടെ ഈ ചിത്രത്തൂണ് മാറ്റണം. ഇതെല്ലാം കഴിഞ്ഞ നൂറ്റാണ്ടിന്റെ ധാരാളിത്തമാണ്. അവിടെ വണ്ണംകുറഞ്ഞ ഒരിരുമ്പുതൂണാണ് വേണ്ടത്. ലോആന്റ് കമ്പനിയുടെ താഴത്തെ നെലയിൽ അത്തരം ഇരുമ്പുതൂണുകൾ വില്പനയ്ക്കു വെച്ചിട്ടുണ്ട്.

കോയ: ഏയ്മാൻ ഇതൊക്കെ മുൻകൂട്ടി കണ്ടുവെച്ചിരിക്കാണ്.

വാസു: നമ്മളിത് വാങ്ങിക്കഴിഞ്ഞിട്ടില്ല!

മേനോൻ: ഫ! കഴുതെ. ഞാൻ ഒരു വസ്തു നടന്നുകാണ്വാ എന്നു വെച്ചാൽ അത് എന്റെതാവ്വാ എന്നാണർത്ഥം. വേറെ ഇവിടെയുള്ള പണക്കാരെപ്പോലെ അല്ല. ഒരുകുടിയിരുപ്പാവുമ്പൊ, പക്ഷെ, ഞാൻ മൂലധനത്തിൽനിന്നുതന്നെ എടുത്തുകൊടുത്തൂന്ന് വരും.

വാസു: ഇവിടുന്ന് വാസൂനെ 'ഫാ! കഴുതെ' എന്നു വിളിക്കുമ്പൊ, വാസൂന് അറിയാം ഇവിടുന്നു മൂലധനത്തിന്മലാകയ്യ് വെക്ക്ണ്ന്ന്.

കോയ: വാസ്വാരടെ പുത്തി ഇത്ര ആയത്തിലാന്ന് കോയനിരീച്ചിര്ന്നില്ല.

മേനോൻ: ഇതിന്മേൽ എറക്ക്ണ പണത്തിന്റെ പലിശ പിരിയും എന്നുവെച്ചിട്ടല്ല ഞാനിത് വാങ്ങ്ണത്. കുടിയിരുപ്പാവുമ്പൊ അത് പ്രതീക്ഷിച്ചുകൂടാ. കെട്ടിക്കിടക്ക്ണ മൂലധനാ അത്.

കോയ: അതെ അതെ, അരക്കാറായത് അപ്പപ്പൊ ഇട്ണ അടുക്കളത്തെങ്ങുപോലയാ കുടിയിരുപ്പ്. മാസാവസാനത്തില്വാടക വലിച്ചുകൂട്ടാം എന്ന് വിചാരിക്കാനില്ല.

മേനോൻ: അപ്പൊ മുടക്ക്ണ സംഖ്യയ്ക്ക് ഒരു പരിധിയൊക്കെ വേണം... അതാ, പണിക്കര് ആലോചന കഴിഞ്ഞുവര്വാണ്. അവര്ടെ വെല അറിയാ.

പണിക്കര്: (അകത്തുനിന്നു വന്ന്) അല്ല! ഇങ്ങട്ട് കേറി ഇരിക്കാലോ. (വാസുവിനോട്) ആരും ഉണ്ടായിരുന്നില്ല്യെ ഇവിടെ?

വാസു:  ഇവിടെ പാറുക്കുട്ടി കാത്ത്നിന്നീരുന്നു. എല്ലാരോടും ഇരിക്കാൻ പറഞ്ഞിട്ടാ അവള്  പോയത്.
പണിക്കർ: ആര്? അടിച്ചുതളിക്കാരിയൊ?
വാസു: അതെ. അടിച്ചുതളിക്കാരീന്ന് പറഞ്ഞാലേ പണിക്കർക്കു മനസ്സിലാവുള്ളു അല്ലെ?
(പണിക്കർ രുഷ്ടനായി നോക്കുന്നു.)
കോയ: ഞിപ്പോ ആ പെണ്ണുങ്ങടെ ഉത്യോഗത്തിന്മലായി, കാര്യം പറയാതെ.
മേനോൻ: ഞാൻ എന്റെ പണം ഒരു സ്വത്തിന്മേൽ ഉറപ്പിക്കാൻ വരുമ്പോൾ ഇരിക്കാൻ പറേണത് വാല്യെക്കാരിയോ യജമാനത്തിയോ എന്നു നോക്കേണ്ട കാര്യല്യ. എനിക്ക് അധികം താമസിച്ചുകൂടാ. എന്നെപ്പോലത്തെ ബിസിനസ്സുകാർക്ക് സമയം പണാണ്.
പണിക്കർ: ഏതായാലും ഇരുന്നിട്ട് കാര്യം പറയാം. വാസുനായരെ ഞാൻ ഈ വസ്തുവിന്റെ ആധാരം തിരഞ്ഞെടുത്ത് കൊടുത്തിട്ടുണ്ട്. നിങ്ങൾ അകത്തു പോയി അതൊന്നിങ്ങോട്ടു വാങ്ങിക്കോളു. (വാസു പോകുന്നു. മറ്റുള്ളവർ കോലായിലേക്ക് കയറി ഇരിക്കുന്നു.)
കോയ: ആതാരൊക്കെ അവിടെ ഇരിക്കട്ടെ. കോയക്ക് വസ്തു കണ്ടാലറിയാം, ജന്മോ കാണോ ന്ന്.
പണിക്കർ: (ചിരിച്ചുകൊണ്ട്) ആഹാ! അതൊരു കഴിവു തന്നെ.
മേനോൻ: അപ്പോ എന്താ പണിക്കരേ വെല പറേണത്?
പണിക്കർ: വെലയൊക്കെ പറയാം. സ്ഥലം ബോധിച്ചോ?
മേനോൻ: ഞാനീ കണ്ട സ്ഥലം തന്നെയാണലൊ?
പണിക്കർ: ആ പത്തായപ്പുരയുടെ പണി കഴിഞ്ഞിട്ട് അതിൽ പെരുമാറീട്ടില്ല്യ
കോയ: എന്തേയ്; സൈത്താൻണ്ടോ?
പണിക്കർ: അല്ലല്ല. അപ്പഴക്കാണലൊ വിലാസിനി അമ്മടെ അച്ഛൻ മരിച്ചത്. അന്നൊക്കെ എന്ത് കഥയായിരുന്നു! മുഴുവൻ വീട്ടിയും ഇരൂളുമാണ്. ഈ എട്ടുകെട്ട് ഒരു ഇരുപത്തഞ്ചു കൊല്ലേ ആവൂ പണിക്കുറ തീർന്നിട്ട്. വിലാസിനിഅമ്മയെ പെറ്റ കൊല്ലത്തിലാണ് കുടിയിരുന്നത്. അന്നിങ്ങനെ ഒറ്റക്ക് ഒരാളാവും ഇതിൽ പെരുമാറാൻ എന്ന് നിരീച്ചിട്ടുണ്ടാവില്ലലൊ.
കോയ: പണിക്കരച്ചാ, കോയടെ അടുത്ത് ഇതൊന്നും കാച്ചണ്ട. ബീട്ടീം ഇരൂളും ഒക്കെ ഇമ്മിണി ഞമ്മളും കണ്ടിട്ടുണ്ട്. കുടിയിരുന്ന കൊല്ലം മാസം തിയ്യതി അല്ലലൊ നിങ്ങളോട് ചോതിച്ച്; വെല അല്ലെ? അതിങ്ങട്ട് പറയിൻ. എന്തേയ് ഏയ്മാനേ!
മേനോൻ: അതെ, അതെ.
പണിക്കർ: ബോധിച്ചോന്ന് തീർച്ചയാവണ്ടെ?
മേനോൻ: അത് തീർച്ചയാക്കണ്ട. ഒരാൾ  സ്വന്തം പണം കൊണ്ട് വീട് കയറ്റിയാലെ അയാൾക്ക് ബോധിച്ച പൊലെ ആവു. ഞാൻ എന്റെ പണം കൊടുത്ത് ആരാനുണ്ടാക്കിയ ഒരു വീടു വാങ്ങുമ്പോൾ അതങ്ങനെ മുഴുവനുമങ്ങ് ബോധിച്ചൂന്ന് വരില്ല്യ.
പണിക്കർ: പിന്നെ?
മേനോൻ: നിങ്ങളുടെ സ്വത്തിന് വെല പറയ്ാ.
പണിക്കർ: അപ്പൊ എടുക്കണം എന്ന്ണ്ട്. ഇതു പോലൊരു സ്ഥലം, മാപ്പളേ, ഈ അംശത്തിൽ കാണില്യ.
കോയ: പിന്നേം പറേല്യ അജ്ജാള് വെല എന്താന്ന് ! ഒരു ലച്ചം ന്ന് ച്ചാ ഒരു ലച്ചം ന്ന് ങ്ങട്ട് പറീൻ.
മേനോൻ: അല്ലാ, എന്റെ റിസ്റ്റ്വാച്ച് അഴിച്ചിട്ട് ആ കൊളപ്പടവിമ്മ്ല് വെച്ചിട്ടുണ്ട്, മുഖം കഴുകാൻ എറങ്ങ്യേപ്പൊ, എടാ വാസൂ, വാസൂ. കാണില്ല കഴുതയെ.
കോയ: അല്ല, ഞമ്മള് ് കൊണ്ടരാലോ.
മേനോൻ: എന്നാൽ അതൊന്നിങ്ങോട്ടെടുത്തോളു. വലിയ വെലയുള്ളതാ.
കോയ: പറ്റിച്ചോ പടച്ചോനേ ! (പോകുന്നു)
വാസു: (ഒരാധാരക്കെട്ടുമായി വന്ന്) വിളിച്ചോ ആവോ?
മേനോൻ: (റിക്കാർട്ട് കൈ നീട്ടി വാങ്ങി മറിച്ചുനോക്കിക്കൊണ്ട്) എന്താ വിലാസിനിഅമ്മ പറയുന്ന വില?
പണിക്കർ: അമ്പത്.

മേനോൻ: എന്ത് ! അമ്പതിനായിരോ?
പണിക്കർ: ഹെയ് പരിഭ്രമിച്ചാലൊക്കോ?
മേനോൻ: അത് വസ്തുവിന്റെ വില അല്ല.
പണിക്കർ: പിന്നെ?
വാസു: പുളിങ്ങയ്ക്കും കൊട്ടയ്ക്കും കൂടീട്ടാ വെല പറഞ്ഞത്.
പണിക്കർ: താനെന്താ അതുകൊണ്ടുദ്ദേശിച്ചത്?
മേനോൻ: (വാസു എന്തോ പറയാൻ ഭാവിച്ചതിനെ തടഞ്ഞുകൊണ്ട്) വില അധികമാണെന്നു മാത്രം.
പണിക്കർ: നാം കാര്യം സംസാരിക്കുമ്പോൾ തനിച്ച്ാവ്ാണ് ഭേദം.
മേനോൻ: ശരി; വാസൂ, പത്തായപ്പുരയിലിരിക്ക്, ഞാൻ വേഗം വരാം. (വാസു പോകുന്നു)
പണിക്കർ: എന്നെ ഒരു ദല്ലാളായിട്ട് ഈ കാര്യത്തിൽ കണക്കാക്കരുത്.
മേനോൻ: എനിക്ക് മനസ്സിലായില്ല.
പണിക്കർ: ഞാനീ കച്ചവടം നടത്താനുദ്ദേശിക്കുന്നത് സാധാരണ കച്ചവടം പോലെ അല്ല. ഇവിടെ വസ്തുവിന്റെ വിലയല്ല കാര്യം.
മേനോൻ: ഇപ്പൊ തീരെ മനസ്സിലാവാതെയായി.
പണിക്കർ: ഈ കെട്ടിടങ്ങളുടെ ഓരോന്നിന്റേം വില നോക്കിയാൽ അമ്പതിലോ അറുപതിലോ നിൽക്കില്ല.
മേനാൻ: ശരി; എന്നാൽ പിന്നെ എന്തിന് അമ്പതിന് വിൽക്കുന്നു?
പണിക്കർ: വാസ്തവം പറയ്ാണങ്കിൽ വിലാസിനിഅമ്മടെ ആവശ്യം വടക്കേക്കെട്ടിലെ തള്ളയെ പറഞ്ഞയയ്ക്കലാണ്. വില എന്തായാലും നാലിലൊന്ന് അവർക്കു കൊടുക്കണം. വിലാസിനി അമ്മയുടെ അച്ഛന്റെ ഒസ്യത്തു നിശ്ചയമാണത്.
മേനോൻ: ഞാൻ കേട്ടത് അരിപ്പറ കഴിക്കാനാണ് ഇത് വിൽക്കണത് എന്നാണലൊ.
പണിക്കർ: അരിപ്പറ കഴിക്കണം പക്ഷേ അതിന് ഈ സ്വത്ത് വിൽക്കണമെന്നില്ല.
മേനോൻ: അപ്പോൾ ഞാൻ പണയത്തിന്മേൽ സംഖ്യ തരണമെന്നായിരിക്കും. അങ്ങിനെ ഒരെടപാടു നടത്താൻ ഞാനുദ്ദേശിക്കുന്നില്ല.
പണിക്കർ: (ആലോചനാപൂർവ്വം) പണയത്തിന്റെ കാര്യം ഇപ്പുറത്തും ആലോചനയില്ല. വിലാസിനിഅമ്മ ഒറ്റയ്ക്കാവുമ്പോൾ ഇത്ര വലിയ വീടും പത്തായപ്പുരയും അവർക്കാവശ്യവുമില്ല.
മേനോൻ: അപ്പോൾ ഞാനെന്തു വേണം?
പണിക്കർ: ഞാൻ ചോദിക്കട്ടെ; മേനോൻ ഒറ്റക്കാണോ ജീവിക്കാൻ പോണത്? ആവില്ലെന്നാണ് എന്റെ വിശ്വാസം. ഇത്ര വലിയ വീടും പറമ്പും വാങ്ങാൻ ഉദ്ദേശിക്കുമ്പോൾ ഒരാൾ ഒറ്റക്കിരുന്ന് തപസ്സ് ചെയ്യാൻ പോണൂന്നല്ലലൊ വിചാരിക്കണ്ടത്.
മേനോൻ: ശരി പണിക്കർക്ക് ഊഹിക്കാം.
പണിക്കർ: എങ്കിൽ മേനോൻ കണ്ടില്ലെ, വിലാസിനിഅമ്മയ്ക്ക് എന്താണൊരു തരക്കട്?
(മേനോൻ സവിചാരം മൂകനായിരിക്കുന്നു.)
പണിക്കർ: അപ്പോൾ ഈ വസ്തുവിന് വരുന്ന വില യഥാർത്ഥവിലയുടെ നാലിലൊന്നു മാത്രം! ബാക്കി വലത്തേ പോക്കറ്റിൽ നിന്ന് ഇടത്തേ പോക്കറ്റിലേക്ക് മാറ്റലാണ്. വസ്തു തീരു വാങ്ങിക്കോളു. പന്തീരായിരത്തി അഞ്ഞൂറുറുപ്പികയേ എണ്ണണ്ടു.
മേനോൻ: (അല്പം ആലോചിച്ച ശേഷം) പണിക്കരേ, നമുക്ക് വസ്തുവിൽപ്പനയുടെ കാര്യം ആലോചിക്ക്യാ. ഞാൻ പണമുണ്ടാക്കാനേ പഠിച്ചിട്ടുള്ളു. പ്രമാണിമാരുടെ കുടിയിരുപ്പ് ഞാൻ വെലക്കു വാങ്ങും. അവരോടുള്ള ബന്ധം എനിക്ക് മനസ്സിലാവില്ല. കാര്യം കാര്യം പോലെ നടത്തലാണ് എന്റെ സ്വഭാവം.
പണിക്കർ: (സഗൗരവം) പോട്ടെ വില പറഞ്ഞോളു.
മേനോൻ: നിങ്ങളുടെ വില ആദ്യം സ്ഥിരപ്പെടുത്തു.
പണിക്കർ: ഞങ്ങൾ പറഞ്ഞു കഴിഞ്ഞു

മേനോൻ: അതിന് എനിക്ക് വേണ്ടാ.

പണിക്കർ: വാങ്ങാതിരിക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. വില പറയണം.

മേനോൻ: അതെന്തിന് പിന്നെ പറയുന്നു?

പണിക്കർ: അതാണ് കാര്യം നടത്തുന്ന മട്ട്. വാങ്ങലും കൊടുക്കലും ഉണ്ടായിട്ടില്ലേ ഇതിനു മുമ്പ്?

മേനോൻ: പണിക്കര് മുഷിഞ്ഞിട്ടാണ് സംസാരം.

പണിക്കർ: കാര്യമാണ് – കുറച്ചു മുമ്പു പറഞ്ഞില്ലെ കാര്യം കാര്യംപോലെ നടത്തലാണ് സ്വഭാവമെന്ന്? പണിക്കർക്ക് രണ്ടും അറിയാം.

മേനോൻ: അതിനെന്തിന് മുഷിയണം?

പണിക്കർ: ഇത് മുഷിച്ചിലാണോ? നിങ്ങളുടെ വില പറയണം. ഞങ്ങൾക്ക് ബോദ്ധ്യമായെങ്കിൽ തരും. അതു പറയാതെ പോകല് കാര്യം നടത്തലല്ല കളിപ്പിക്കലാണ്.

മേനോൻ: പറയാം. കോയയുമായി ആലോചിച്ചേ പറഞ്ഞൂടു.

പണിക്കർ: അത് മര്യാദ. കോയയോട് ആലോചിച്ചോളു. ഞാനും ഉടമക്കാരിയോട് പറയാം.

കോയ: (പ്രവേശിച്ച്) ഏത് കൊളത്തിലാ ഏയ്മാനെ? കോയ തെക്കേ കൊളത്തില് നോക്കി. മറ്റേതിലേക്ക് പോകുമ്പൊ.....

പണിക്കർ: എന്തേ?

കോയ: അബടെ, ബയീ കെടക്കണ് പണിക്കരച്ചോ, നരിനരീന്റെ ചേലുക്കൊരു നായി!

മേനോൻ: ആട്ടെ ഞാൻ തന്നെ നോക്കാം പണിക്കരേ നിങ്ങള് പത്തായപ്പുരയിലേക്ക് വരീൻ. (പോകുന്നു)

കോയ: ആട്ടെ, എന്തായി പണിക്കരച്ചോ?

പണിക്കർ: ഞാൻ അമ്പത് പറഞ്ഞു. അയാൾക്ക് അപ്പൊളക്കും വെറളിയെടുത്തു. മുക്കാൽകാശിന് ഇതെല്ലാം കൂടി തട്ടിയെടുക്കാമെന്നാ ആലോചിച്ചത്.

കോയ: അപ്പയക്ക് ങക്കും ബെറളി! അമ്പത് പറഞ്ഞാ അമ്പതിന് ബാങ്ങുംന്നാ, ങ്ങള് ബിചരിച്ചത്

പണിക്കർ: എന്നാലും ഒരു മര്യാദ പറയണ്ടേ?

കോയ: ആട്ടെ, മൂപ്പര് എന്ത്ര്ത്തേ പറഞ്ഞ്?

പണിക്കർ: കോയയോട് ആലോചിക്കട്ടേന്ന്

കോയ: അത്രേള്ളു? ബയിണ്ട്. മൂപ്പര്ടെ ബെല കോയ പറേണതാ. ഒടമക്കാരിക്ക് എന്ത് കൊടുക്കണം?

പണിക്കർ: മുപ്പത് തെകച്ചും

കോയ: പിന്നെ ഞമ്മക്കോ?

പണിക്കർ: മര്യാദക്കുള്ള സംഖ്യ രണ്ടാളോടും കൂടി വാങ്ങണം.

കോയ: അപ്പയേ, പണിക്കരച്ചാ, മര്യാദടെ താപ്പ് കള്ളത്താപ്പാ. എല്ലാം കഴിഞ്ഞ് ഒന്നു തുമ്മാൻ തന്നാ അതും മര്യാദ. “എന്നാ പിന്നെ കാണ്ങാം.”എന്നു പറഞ്ഞാ അതും മര്യാദ. ഞമ്മള് ബന്ധുപ്പാട്ടില് ബന്നതല്ലല്ലൊ.

പണിക്കർ: പിന്നെ എന്തു വേണന്നാ കോയടെ അഭിപ്രായം?

കോയ: കരാറ്; അതാ ബേണ്ടത്. അരക്കായെങ്കിൽ അരക്കായി. പതിനായിരാണെങ്കിൽ പതിനായിരം. മുപ്പതിലധികം കിട്ടണത് ഞമ്മളെടുക്കും.

പണിക്കർ: കോയ ഒറ്റയ്ക്കോ?

കോയ: അത് ബെടക്ക് – പാതീം പാതീം, എന്താ ആലോസന?

പണിക്കർ: ആട്ടെ എത്രയ്ക്ക് എടുക്കും?

കോയ: കോയ നാപ്പതിന് അടിക്കും.

പണിക്കർ: ആവൂ കുറച്ചധികാവും കമ്മീഷൻ!

കോയ: പണിക്കരച്ചാ, ങ്ങക്ക് ഇതല്ലാണ്ട് ബല്ലിച്ച പാട്ടം പിരിയാൻ ണ്ടോന്ന്.

പണിക്കർ: എന്നാലും അദ്ധ്വാനത്തിന് തക്ക പ്രതിഫലേ വാങ്ങാവു. രണ്ടരയും രണ്ടരയും ന്യായാണ്,

കോയ: പണക്കരച്ചൻ വിഡ്ഡ്യാനാ. കാര്യം നടന്നാ അറിഞ്ഞുകൊണ്ട് അബര് രണ്ടായിരത്തഞ്ഞൂറ് പണിക്കര്ക്ക് തരോ, രണ്ടായിരത്തഞ്ഞൂറ് കോയക്ക് കിട്ട്വോ?

പണിക്കർ: ഛെ, പ്രാന്തോ? വല്ലതും പത്തോ അമ്പതോ തരും.

കോയ: എന്നിട്ട് അതും ബാങ്ങി ഞമ്മള് തോയമിസ്ക്യേന്മാരായി ഇങ്ങ്നെ നടന്നോളാ. കോയേനെ കാക്കണ്ട.

പണിക്കർ: അതു പോര. പക്ഷെ പതിനായിരം! അതിൽ ന്യായമില്ല.

കോയ: പണിക്കരച്ചാ, ഒരു കാര്യം. ഞമ്മക്ക് പൈക്ക്ണ്. ചോറ് ബാങ്ങാൻ കായില്ല. ങടെ പാക്കറ്റില് അട്ടിക്കട്ടിക്ക് നോട്ട്. ചോറിന് കായ് ചോതിച്ചാ ങള് തര്വോ? തരൂല. കിട്ടണങ്കി, പോക്കറ്റടിക്കണം. ആറണ മാത്തിരായിട്ട് പോക്കറ്റടിക്കാൻ പറ്റ്വോ?

പണിക്കർ: (ചിരിച്ചുകൊണ്ട്) അത് കഴില്ലല്ലൊ.

കോയ: പോക്കറ്റടിച്ചേന്ന് ആറണ മാത്തിരം എടുത്ത് ബാക്കി മടക്കിക്കൊടുത്താൽ പോലീസ് ബിടൊ്വാ?

പണിക്കർ: അതും ഇല്ല.

കോയ: അപ്പൊ പോക്കറ്റടിക്കണ്ടിബന്നാ, പടച്ചോനെ ബിജാരിച്ചിട്ടങ്ങട്ട് അടിച്ചോളാ. കയ്യിൽ കിട്ട്യേത് നെസീബാണെന്നും നെനച്ചോള്ാ.

പണിക്കർ: തെറ്റാണ്. പക്ഷെ എല്ലാ തെറ്റിനേം ശരിയാക്ക്ണ ഒരു വ്യാഖ്യാനം ഉണ്ട്. (വയറു തലോടുന്നു)

കോയ: ബയറ് ! തന്നെ. അങ്ങനത്തെ  പത്ത് ബയറിന് ങടെ ഈ പതിനായിരം പാപം ഒന്നു കൊറിക്കാൻ   തെകയോന്നേ?

പണിക്കർ: (വാസു തോട്ടത്തിലൂടെ വരുന്നതു കണ്ട്) അതാ വാസുനായർ വന്നു.

കോയ: എന്ത്യേ ബാസ്വാരെ?

വാസു: മൂപ്പര് വിളിക്കുന്നു.

കോയ: ഇതാ പൊയ്ക്കളയാം. (പണിക്കരോട്) നിങ്ങള് ബഴ്യേ വരിൻ. ഞമ്മള് അപ്പളത്തിന് സുമാറാക്കാം.

പണിക്കർ:  ആട്ടെ അച്ചാരം വാങ്ങണം.

കോയ: പത്ത് അല്ലെ? പോത്തിൻ കുട്ടീനെയാ പണിക്കരച്ചൻ നീന്തക്കം പഠിപ്പിക്ക്ണ്. (പോകുന്നു)

വാസു: കച്ചവടം കഴിഞ്ഞ്വോ പണിക്കരേ?

പണിക്കർ: (അപ്രസന്നനായി) ഉം.

വാസു: എന്തായി വെല?

പണിക്കർ:  (തല അൽപം ചെരിച്ച്) പുളിങ്ങയ്ക്കോ, കൊട്ടയ്ക്കോ, തനിക്കറിയേണ്ടത്?

വാസു: ഏതിനായാലും നിങ്ങള് തീർച്ചപ്പെടുത്ത്യേതാ എനിക്കറിയണ്ടത്.

പണിക്കർ: എടോ, അതു തന്നോടു പറഞ്ഞാൽ തന്റെ മൂപ്പരോട് എന്താ പറയാ?

വാസു: ഓ, യജമാനന്മാരോടേ പണിക്കര് പറയൂ അല്ലെ? വാല്യെക്കാരൻ വേറെ അറിഞ്ഞോളാം.

പണിക്കർ: എങ്ങിനെ അറിയും?

വാസു: അടിച്ചുതളിക്കാര്യോട് ചോദിക്കാലൊ. അവിടുന്നാവില്യേ തൊടക്കം?

പണിക്കർ: (പെട്ടെന്നു ഭാവം മാറ്റി)  വാസുനായരേ, നമ്മള് തമ്മിൽ ഒരക്കണ്ട. നാല്പതിനാണ് തീർച്ചപ്പെടുത്ത്യേത്. സ്വകാര്യായി വെക്കണേ.

വാസു: എന്താ ഇതിലിത്ര സ്വകാര്യം?

പണിക്കർ: അതോ? നാല്പതിലധികം വെച്ചെടുക്കാൻ ആളുണ്ട്. പക്ഷെ നമുക്ക് ആവശ്യം നമ്മുടെ ആൾക്ക് കിട്ടാണല്ലൊ?

വാസു: ഓ, ഞാൻ പറഞ്ഞിട്ട് എന്റെ മൂപ്പർക്ക് കിട്ടാതാവില്യ.

പണിക്കർ: എന്നാൽ വരൂ. നമുക്ക് അങ്ങോട്ടു പോവ്വാ.

വാസു: അയ്യൊ വേണ്ടാ.

പണിക്കർ: എന്ത്?

വാസു: കാര്യം പറേമ്പൊ തനിച്ചാവ്വാ ഭേദം.

(പണിക്കർ പോകുന്നു. വാസു കടമ്പയിൽ ഇരിക്കുന്നു)

പാറുക്കുട്ടി: (പ്രവേശിച്ച് ) എന്തായി?
വാസു: അതൊക്കെ തീർച്ചപ്പെടുത്തി.
പാറുക്കുട്ടി: ഇന്നുതന്നെ?
വാസു: ഇന്നെങ്കില് ഇന്ന്.
പാറുക്കുട്ടി: അയ്യോ, ഇനി എന്താ ചെയ്യേണ്ടതെന്നറിഞ്ഞുകൂടല്ലൊ.
വാസു: അതൊക്കെ പറഞ്ഞുതരാം. ഞാൻ വരുമ്പോൾ ഒരു ആങ്ങളച്ചെക്കൻ കാലു കഴുകിക്കാൻ വെള്ളവുമായി നില്ക്കണം.
പാറുക്കുട്ടി: മണ്ണാങ്കട്ട! ഞാൻ അതല്ല ചോദിച്ചത്.
വാസു: പിന്നെ?
പാറുക്കുട്ടി: വസ്തു വില്പന എന്തായീന്ന്.
വാസു: ഓഹൊ. അതൊ? സ്വകാര്യണേ, നാല്പതിനായിരം ഉറുപ്പികയ്ക്ക് എന്റെ യജമാനൻ എടുത്തു.
പാറുക്കുട്ടി: എന്ത്? മുപ്പതിനായിരത്തിനാണ് അമ്മ വിറ്റിരിക്ക്ണത്.
വാസു: ഏങ്ങ് !
പാറുക്കുട്ടി: അപ്പൊ പതിനായിരം ഉറുപ്പിക പൊരുത്തകാർക്ക് ! അവര് ആൺകുട്ടികളാ.
വാസു: എന്ത്? സമ്മതിക്കില്യ – കള്ളന്മാര് ! ഞാനിപ്പൊ സകല സംഗതീം പുറത്താക്കും.
പാറുക്കുട്ടി: എന്നിട്ട് മേനോന്നും അമ്മയ്ക്കും ലാഭം!
വാസു: അല്ലാതെ?
പാറുക്കുട്ടി: അത് ചെയ്യാൻ ബുദ്ധിയുള്ള ഒരു മനുഷ്യൻ വേണോ?
വാസു: പിന്നെ?
പാറുക്കുട്ടി: ഇവിടുത്തെ പാണ്ടൻ നായ ഇല്യെ? അവനും വീടുകാക്കും. എജമാനന് ലാഭവും ഉണ്ടാക്കും. 'നായേ നായേ' എന്നു വിളിക്കുമ്പൊ വാലും ആട്ടും.
വാസു: നീയെന്തൊക്കയാ ഈ പറേണ്?
പാറുക്കുട്ടി: നാഴികയ്ക്ക് നാല്പതുതവണ 'കഴുതേ കഴുതേ'ന്ന് വിളിക്കില്യെ? അപ്പൊഴൊക്കെ കരഞ്ഞോളാൻ.
വാസു: ഛെ, എന്നാൽ ഒന്ന് പറയ്, പതിനായിരം ഉറുപ്പിക അവറ്റ കൊണ്ടുനടയ്ക്കണതും കണ്ടു നില്ക്കേ?
പാറുക്കുട്ടി: അല്ല. കട്ടോനോടു കട്ടാൽ മൂന്നു മൂളക്കം. കേട്ടിട്ടുണ്ടോ? എന്നിട്ട് മനുഷ്യരെപ്പോലെ ജീവിക്ക്യാ.
വാസു: (സോത്സാഹം) ശരി, അതാണ് ശരി. അവറ്റെ ഒറ്റയ്ക്ക് തീറ്റിക്കൂടാ. പൊരുത്തിന് ആള് നാലായിക്കോട്ടെ. ആട്ടെ, നീയെന്നെ സഹായിക്ക്യോ?
പാറുക്കുട്ടി: ആവൊ, ചോദിച്ചോക്കണം.
വാസു: ആരോട്?
പാറുക്കുട്ടി: കാലുകഴുകിക്കാൻ വെള്ളം എടുത്ത് നില്ക്കണ ആങ്ങളച്ചെക്കൻ ഇല്യേ? ഓന്റെ പെങ്ങളോട്.
വാസു: അവളോടല്ലേ ആ ചെക്കന്റെ പൊന്നളിയൻ ചോദിക്ക്ണ്ത് ! എന്നെ സഹായിക്ക്യോന്ന്. ഒരു നിമിഷം. അവറ്റെ ഞാൻ പിടികൂടും.
പാറുക്കുട്ടി: അയ്യോ, എനിക്ക് വയ്യേ അടി പിടിക്ക്.
വാസു: എനിക്കും ആ താടിക്കാരനെ പേടിയാണ്.
പാറുക്കുട്ടി: അപ്പളോ?
വാസു: അവന്നുള്ള ആയുധം നെന്റെ കയ്യിലാ.
പാറുക്കുട്ടി: ചൂലോ?
വാസു: അല്ല, നെന്റെ പാണ്ടൻനായ. ഞാൻ പറയുമ്പൊ അവൻ ചാടിപ്പിടിക്കണം.
പാറുക്കുട്ടി: അത് ഞാനേറ്റു.

വാസു:  പണിക്കര് സാരല്യ. ആയാൾക്കുള്ള മന്ത്രം നീ ഉപദേശിച്ചതാ.
പാറുക്കുട്ടി: എന്താത്?
വാസു: 'അടിച്ചു തളിക്കാരീ'ന്ന്. ഒറ്റത്തവണ ജപിച്ചാൽ മതി. പിന്നെ അയാളെ കാണില്യ.
പാറുക്കുട്ടി: ഇതൊക്കെ കഴിഞ്ഞിട്ട്?
വാസു: കഴിഞ്ഞിട്ട്?
പാറുക്കുട്ടി: പണം കിട്ട്യാൽ?
വാസു: പണം കിട്ട്യാൽ?
പാറുക്കുട്ടി: എജമാനന് കൊണ്ടുപോയി കാഴ്ചയും വെയ്ക്കും.
വാസു: ഛെ. അസംബന്ധം.
പാറുക്കുട്ടി: എന്റെ  കയ്യിലിങ്ങട്ട് തരണം.
വാസു: തന്നു; എന്നാലോ?
പാറുക്കുട്ടി: എന്നാൽ വിഴുപ്പ് തിരുമ്പാതെ ഒന്നു ജീവിക്കാൻ നോക്കും.
വാസു: വാസു പിന്നേം ഒഴന്നു നടന്ന് കഴുത കരേലും!
പാറുക്കുട്ടി: (തീക്ഷ്ണമായി നോക്കീട്ട്) ഞാൻ ഒരു പെണ്ണാണ്.
വാസു: അപ്പൊ, ഞാൻ ഒരാണാവേം വേണമല്ലെ?
പാറുക്കുട്ടി: എന്നാൽ ചെല്ലൂ; ആണിനെപ്പോലെ. (പാർശ്വത്തിലേയ്ക്കു നോക്കി) അതാ ഗ്രഹപ്പിഴയ്ക്ക് അമ്മ ഇങ്ങോട്ടു വരുന്നു.
വാസു: അപ്പോൾ നീ വരില്ല?
പാറുക്കുട്ടി: ഇതാ പിന്നാലെ.
(വാസു ബദ്ധപ്പെട്ട്  പോകുന്നു. വിലാസിനി അമ്മ പ്രവേശിക്കുന്നു.)
വിലാസിനി: പാറുക്കുട്ടി!
പാറുക്കുട്ടി: എന്തേ?
വിലാസിനി: നിനക്കറിയാലൊ, എന്റെ എളയമ്മയ്ക്ക് ഏതുകാര്യവും വളരെ പതുക്കെ ചെയ്യാൻ കഴിയൂന്ന്?
പാറുക്കുട്ടി:  അതിനമ്മേ, അവരിപ്പൊ എന്താ ചെയ്യണ്ടത്?
വിലാസിനി: നിനക്കറിഞ്ഞുകൂടേ, ഞാനീ വസ്തു വിറ്റു. അവര് ഇന്നുതന്നെ പോകേണ്ടി വരും. വടക്കേ കെട്ടില് പല സാധനങ്ങളും ഉള്ളതല്ലെ? ഏതൊക്കെയാണ് അച്ഛൻ കൊടുത്തത്, ഏതൊക്കെയാണ്  അച്ഛനോട്  അവര് വാങ്ങ്യേത്, ഇതൊക്കെ  തരംതിരിച്ച് അവർക്കേ അറിയൂ. അതെല്ലാം നേരത്തെ കെട്ടു കെട്ടി വെച്ചോട്ടെ. അവർക്കുള്ള സംഖ്യ ഇപ്പോൾ കുമാരപ്പണിക്കര് കൊണ്ടുപോയി ക്കൊടുക്കും. പിന്നെ ഒരു മണിക്കൂറെങ്കിലും ഇവിടെ നിൽക്കാൻ എന്റെ എളയമ്മ കണ്ടോരടെ സമ്മതം ചോദിക്കുന്നത്  ഞാനെങ്ങനയാ കാണ്വാ?
പാറുക്കുട്ടി: ഇത്ര പെട്ടെന്നാവുമ്പൊ അവരെങ്ങട്ടാ അമ്മേ പോവ്വാ?
വിലാസിനി: നിന്നോടവര് എല്ലാം പറഞ്ഞിട്ടുണ്ടാവും. നിങ്ങൾ തമ്മിൽ വീണ്ടും കുശുകുശാന്ന് പറേണത്  ഞാൻ കണ്ടിരിക്കുന്നു. നീ നടിക്കുംപോലെ അവർക്ക് അത്രയ്ക്കൊന്നും ആരും ഇല്യാതാവില്യ.
പാറുക്കുട്ടി: ഞാനും ഇന്നുതന്നെ പിരിയണോ അമ്മേ?
വിലാസിനി: നിനക്ക് എളയമ്മയെ സേവിക്കണമെന്നുണ്ടെങ്കിൽപ്പിന്നെ ഞാനിവിടെ നിന്നെ പിടിച്ചുനിർത്തില്യാ. അവർക്ക് വയസ്സുകാലത്ത് കിട്ടാവുന്ന സഹായം മുടക്കലല്ലലൊ എന്റെ കടമ.
പാറുക്കുട്ടി:  ഞാൻ പോയി പറയാം അമ്മേ. അതാ മേനോൻ  വരുന്നു.
(സുകുമാരമേനോൻ പ്രവേശിക്കുന്നു. പാറുക്കുട്ടി ബദ്ധപ്പെട്ട് പോകുന്നു.)
മേനോൻ: (വിലാസിനിഅമ്മയുടെ മുഖത്തു നോക്കാതെ സങ്കോചം നടിച്ചുകൊണ്ട്) കരാറ് ഒപ്പിട്ടു കൊടുത്തില്ലേ?
വിലാസിനി: ഏതു കരാറ്? എന്നോടാരും ഒപ്പിടാൻ പറഞ്ഞില്ലലൊ.

മേനോൻ: (സധൈര്യം മുഖത്തുനോക്കികൊണ്ട്) പണത്തിന്റെ കാര്യത്തിലാവുമ്പോൾ ഞാൻ ആരേയും രേഖകൂടാതെ വിശ്വസിക്കാറില്ല.

വിലാസിനി: ഇവിടെ ആരും ആരെയും വിശ്വസിക്കണമെന്നില്ലാ. നിങ്ങളോടാരും വായ്പ ചോദിച്ചിട്ടൂല്യ. എന്റെ വീടും പറമ്പും വിറ്റിട്ടാണലൊ ഞാൻ പണം വാങ്ങ്ണത്.

മേനോൻ: അതുകൊണ്ട് ഞാൻ അഡ്വാൻസ് സംഖ്യ തരുമ്പൊ എനിക്കൊന്നും ഒപ്പിട്ടു തരണ്ടെ? ഇങ്ങിനെയല്ല കാര്യം നടത്തുക.

വിലാസിനി: എനിക്ക് കാര്യവിവരമില്ല. അതാണലൊ ഞാൻ പണിക്കരെ ഏല്പിച്ചത്.

മേനോൻ: പണിക്കർ നിങ്ങളുടെ ആളാണ്. അയാൾക്കു കരാറ് നിങ്ങളെക്കൊണ്ട് ഒപ്പിടുവിക്കുവാൻ ഉത്സാഹം കാണില്ല, എനിക്കറിയാം. പക്ഷെ എനിക്ക് ഒപ്പിട്ടു കിട്ടണം. പണത്തിന്റെ കാര്യത്തിൽ ഞാൻ ഒരു വിട്ടുവീഴ്ചയും ചെയ്യുന്ന ആളല്ല.

വിലാസിനി: ഞാനും പണക്കാരെ കണ്ടിട്ടുണ്ട്. എല്ലാം ഒരേതരം തന്നെയാ. അവർ എന്തിന്റെയെങ്കിലും കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുമെന്നാലോചിക്കാൻ ഞാൻ അത്ര കഴുതയൊന്നുമല്ല.

മേനോൻ: നോക്കണേ, എന്റെ പണവും വാങ്ങി കയ്യിൽ വെച്ചിട്ടാണ് ഒരു പെണ്ണിങ്ങനെ നിന്ന് എന്നെ കൊരങ്ങു കളിപ്പിക്കുന്നത്!

വിലാസിനി: എന്ത്?! നിങ്ങളുടെ പണം വാങ്ങി? ഇക്കണക്കില് നിങ്ങളെന്നെ കല്യാണം കഴിച്ചൂന്ന് പറേല്യാന്നും ഒറപ്പില്ല, ഈ 'പെണ്ണേ' വിളി കാണുമ്പോൾ. നിങ്ങളൊരു കാര്യം ഓർക്കണം: ഇത് ഇപ്പോഴും എന്റെ പൂമുഖമാണ്.

മേനോൻ: അയ്യ! ആരടെ പൂമുഖം?

വിലാസിനി: അല്ല! അത്രത്തോളമായോ? എടീ പാറുക്കുട്ടീ, പാറുക്കുട്ടീ!

(തോട്ടത്തിൽ നായ കുരയ്ക്കുന്നു. ആളുകൾ തമ്മിൽ ചില കശപിശകൾ കേൾക്കുന്നു.)

മേനോൻ: നീയെന്നെ കളിപ്പിക്കുകയാണൊ പെണ്ണേ? എനിക്കറിയാം പ്രമാണിമാരെ. ഞാൻ ഒന്നിനേം വെറുതെ വിടില്ല. എന്റെ പണം. അതാണ് എനിക്ക് കാര്യം.

വിലാസിനി: (അമ്പരന്ന്) അതിന്, നിങ്ങളെനിക്കു പണം വല്ലതും തന്ന്വോ?

മേനോൻ: (ഞെട്ടിക്കൊണ്ട്) എന്ത്? കുമാരപ്പണിക്കർ പതിനായിരം ഉറുപ്പിക ഇപ്പഴല്ലെ എന്നോടു എണ്ണി വാങ്ങിയത് ! കോയയും ഉണ്ടായിരുന്നൂലൊ. എന്നിട്ടല്ലേ അവർ കരാറ് ഒപ്പിടുവിക്കുവാൻ ഇങ്ങോട്ടു വന്നത്!

വിലാസിനി: ഇങ്ങട്ട് ഒരു ചെകുത്താനും വന്നിട്ടില്ല. ഇവിടെ ആരുടെ പണവും വാങ്ങി വെച്ചിട്ടുമില്ല. ഒരു കാര്യവും ഇല്യാതെയാണ് നിങ്ങൾ മെക്കട്ട് കേറാൻ വരണത്!

മേനോൻ: എന്നാൽ നിങ്ങളെ പറ്റിച്ചു. ഞാൻ പറയുന്നു, നിങ്ങളെ പറ്റിച്ചു. ഒരു സാധുസ്ത്രീയെ അയാൾ പറ്റിച്ചു. അയാൾ നിങ്ങളുടെ ആളാണ്. സംശയല്യ. ഞാൻ നിങ്ങളുടെ ആളുടെ കയ്യിലാണ് പതിനായിരം ഉറുപ്പിക കൊടുത്തത്. ഇനി മുപ്പതിനായിരം ഉറുപ്പികകൂടി അങ്ങോട്ടുതന്നാൽ ഈ വീടും പറമ്പും എന്റെയായി. മനസ്സിലാവ്ണണ്ടോ? ഇല്യാന്ന് നടിച്ചാൽ ഞാൻ സമ്മതിക്കാൻ പോണില്യ. ഞാനിത്തരം പെണ്ണുങ്ങളുടെ ജാട കുറേ കണ്ടവനാണ്.

വിലാസിനി: (സമാധാനത്തോടെ) ബാക്കി മുപ്പതിനായിരം ഉറുപ്പിക അല്ലെ? നിങ്ങൾക്കു കണക്ക് തെറ്റീട്ടില്ലലൊ?

മേനോൻ: നാല്പതിൽ പതിനായിരം കഴിച്ചാല് മുപ്പതിനായിരം തന്നെ. ആ കണക്കു തെറ്റാൻ മാത്രം ഞാൻ ഇപ്പോൾ ഒരാളേം കണ്ട് ഭ്രമിച്ചിട്ടില്ല.

വിലാസിനി: എന്നാൽ പണിക്കര് പറ്റിച്ചത് എന്നെയല്ല.

മേനോൻ: പിന്നെ?

വിലാസിനി: ഞാൻ വസ്തു വിറ്റത് മുപ്പതിനായിരം ഉറുപ്പികയ്ക്കാണ്. ആ സംഖ്യ ഇങ്ങോട്ടു തരുമ്പോൾ നിങ്ങൾക്കു വസ്തുവും കിട്ടും. വെറുതെ നിന്നു കുരയ്ക്കണ്ട.

മേനോൻ: (സംഭ്രമിച്ച്) വിലാസിനി അമ്മേ, തുറന്നു പറയൂ; നിങ്ങളെത്രയ്ക്കാ വസ്തു വിറ്റത്?

വിലാസിനി: വെറും മുപ്പതിനായിരത്തിന്. അതിലധികം കിട്ട്യാൽ അവരോട് എടുത്തോളാനും പറഞ്ഞു.

മേനോൻ: (ആലോചനാപൂർവ്വം) അസ്സലായി! അപ്പൊ മടക്കിവാങ്ങാനും വയ്യ! പോയത് പോയത്

തന്നെ. (വീണ്ടും ആലോചിച്ച്) എനിക്ക് തെറ്റ് പറ്റീട്ടില്യാ. വസ്തു തികച്ചും നാല്പതിനായിരത്തിനുണ്ട്. നാല്പതിനായിരത്തിൽ അധികവും കിട്ടും. എന്നിട്ട് വെറും മുപ്പതിനായിരത്തിന് !

വിലാസിനി: (കരയുന്നസ്വരത്തിൽ) എന്നെ എല്ലാവരുംകൂടി പറ്റിച്ചു. എനിക്കൊന്നും അറിഞ്ഞുകൂടാ. നിങ്ങളെന്തിനാ ഈ ആണുങ്ങളെല്ലാരുംകൂടി വിവരമില്ലാത്ത ഒരു സാധുപ്പെണ്ണിനെ വഞ്ചിച്ചത്?

മേനോൻ: വഞ്ചിച്ചൂത്രെ! ഞാൻ തികച്ചും വിലയ്ക്കാണ് വാങ്ങിയത്. പണിക്കര് നിങ്ങളുടെ ആളാണ്. അതിനി അല്ലാന്ന് പറഞ്ഞു പിടിപ്പിക്കാൻ നോക്കണ്ട.

വിലാസിനി: (തിരിഞ്ഞ്) പാറുക്കുട്ടീ, പാറുക്കുട്ടീ! അസത്തിനെ ആവശ്യത്തിന് കാണില്യ.

(വീണ്ടും തോട്ടത്തിൽനിന്നു നായകുര)

വിലാസിനി: (പെട്ടെന്ന് ഓർമ്മ വന്നപോലെ) അല്ലെങ്കിൽ, കോയ മൊയ്തീനുമില്ലേ? ആ മാപ്പിള നിങ്ങളുടെ ആളല്ലേ?

മേനോൻ: (ആലോചനാപൂർവ്വം) അപ്പോൾ ആരുടെ പണമാണ് പോയത്?

വിലാസിനി: എനിക്കും അത് മനസ്സിലാവ്ണില്ല. സ്വതവേ ഞാൻ കണക്കിന്റെ കാര്യത്തിൽ മോശമാണ്.

മേനോൻ: എനിക്കു കണക്ക് കടുകട്ടിയാണ്. നാല്പതിൽനിന്നും പത്തു പോയാൽ മുപ്പത് തന്നെ. പക്ഷെ ഈ പത്ത് ആരടെ എന്നാണ്. അത് കണക്കുശാസ്ത്രമല്ല!

വിലാസിനി: എന്നാൽപ്പിന്നെ ചരിത്രമായിരിക്കും. എന്തായാലും എനിക്കൊന്നും നഷ്ടപ്പെടാൻ വയ്യ!

മേനോൻ: എനിക്കും നഷ്ടപ്പെടാൻ വയ്യ!

വിലാസിനി: ഈ വീടും പറമ്പും ഇപ്പോഴും എന്റേതുതന്നെയാണ്.

മേനോൻ: (പരിഭ്രമപൂർവ്വം അങ്ങുമിങ്ങും നടന്ന്, അടുത്തുചെന്നിട്ട്) ഈ വീടും പറമ്പും ഇപ്പോഴും നിങ്ങളുടേതുതന്നെയാണെങ്കിൽ അതിന്റെ ഉടമസ്ഥയെ എന്റേതാക്കാനേ നിവൃത്തിയുള്ളു.

വിലാസിനി: (സസ്മിതം അടുത്തേക്കു നീങ്ങീട്ട്) 'പെണ്ണേ, പെണ്ണേ' എന്നു വിളിക്കുമ്പോൾത്തന്നെ എനിക്കു തോന്നി.

മേനോൻ: എന്തു തോന്നി ഓമനേ?

വിലാസിനി: എന്നാലും നമ്മളിപ്പോൾ പതിനായിരം ഉറുപ്പിക നഷ്ടപ്പെട്ടിരിക്കയാണ്.

മേനോൻ: (വിലാസിനിയെ അടിമുടി നോക്കി) എനിക്ക് മുതലായീന്നു തോന്നുന്നു.

വിലാസിനി: എന്തൊക്കെയായാലും ഈ സംഖ്യ എങ്ങിനെയാ നികത്താൻ കണ്ടിരിക്കുന്നത്? നമ്മൾക്കിനി എന്തെല്ലാം ചിലവുണ്ട്! എനിക്കിനി ഒട്ടും താമസിച്ചുകൂടാ അരിപ്പറ കഴിക്കാൻ. എളയമ്മയോടു ഞാൻ കെട്ടുകെട്ടാൻ പറഞ്ഞിരിക്കുന്നു. ഇങ്ങിനെ മുന്നൂറുകൂട്ടം ചിലവുള്ളപ്പൊഴല്ലെ, ആ കാലന്മാര് ഉറുപ്പിക പറ്റിച്ചു ചാടീത് ! ഓ, ആണുങ്ങൾക്ക് ഇങ്ങനെ വിഡ്ഢിത്തം പറ്റിയാലൊ!

മേനോൻ: തങ്കം! നീ വിചാരിക്കുമ്പോലെ അതുമാത്രം കൊണ്ട് ദീപാളി കുളിക്കുന്ന ഒരാളല്ല നിന്റെ ഭർത്താവ്.

വിലാസിനി: അപ്പൊ, ഇനിയും ഒരു പതിനായിരം!

മേനോൻ: ഫൂ! എന്റെ പ്രേമത്തിന്ന് എളച്ചു വിലകൂട്ടിയാൽ കൂടി അതിന്റെ പത്തിരട്ടി വരും.

വിലാസിനി: എനിയും ഇങ്ങിനെ വാരിക്കോരി ചെലവാക്കിയാൽ എനിക്കാ നഷ്ടം. (ആലോചിച്ച് ) പാറുക്കുട്ടീ, പാറുക്കുട്ടീ! ഈ അസത്തെവിടെ?

പാറുക്കുട്ടി: (തോട്ടത്തിലൂടെ ഓടിവന്ന് കടമ്പയുടെ പിന്നിൽനിന്ന്) എന്താ അമ്മേ?

വിലാസിനി: നീ പോയിട്ട് എളയമ്മയോടു പറയ്, അവരെങ്ങട്ടും പോണ്ടാന്ന്. ഈ വയസ്സുകാലത്ത് അവരെ ഒറ്റയ്ക്ക് എങ്ങട്ടും അയച്ചൂടാ. എന്തായാലും അവരെന്റെ അച്ഛനെ സ്നേഹിച്ചിരുന്നു.

മേനോൻ: (അഭിനന്ദിച്ചുകൊണ്ട്) ഭേഷ് ! അല്ലെങ്കിൽത്തന്നെ നമ്മൾ ഇവിടെ ഒരു സ്വർഗ്ഗമുണ്ടാക്കുമ്പോൾ അപ്പുറത്ത് ഒരു കെഴവി കൊറേശ്ശെ കൊറേശ്ശെ പിറുപിറുത്തുംകൊണ്ട് കെടന്നാൽ ഒരു കമ്പിവാദ്യം മീട്ടുകയാണെന്നേ തോന്നൂ.

പാറുക്കുട്ടി: (രണ്ടാളെയും നല്ലവണ്ണം നോക്കി) ഈ സ്ഥിതിക്ക് ഇനി അതുതന്നെയാണ് നല്ലത്. ഞാൻ ഇപ്പോൾത്തന്നെ പറയാം. (ഓടിപ്പോകുന്നു.)

വിലാസിനി: എന്റെ കണക്കിൽ ഏഴായിരത്തി അഞ്ഞൂററുറുപ്പികയേ ആയിട്ടുള്ളു.

മേനോൻ: അതെ, നിന്റെ കണക്കാണ് ഞാനും സ്വീകരിക്കേണ്ടത്. എങ്കിൽ, പിന്നെ രണ്ടായിരം ഉറുപ്പിക അരിപ്പറ കഴിക്കാനല്ലെ?

വിലാസിനി: അതെ, അതൊട്ടും താമസിച്ചുകൂടാ,

മേനോൻ: ആട്ടെ, അരിപ്പറ കഴിക്കാൻ പ്രാർത്ഥിച്ചത് കുന്നത്തുകാവിലെ ഭഗവതിക്ക് ഭർത്താവുണ്ടാവാനല്ലലൊ.

വിലാസിനി: എന്തൊക്കെയാ ഈ പറേണത്?

മേനോൻ: പിന്നെ അഞ്ഞൂററുറുപ്പിക വിവാഹസ്സദ്യവകയ്ക്കും വെച്ചോളു.

വിലാസിനി: അതും വേണ്ടാന്ന് വെക്കാ.

മേനോൻ: ഏ് !

വിലാസിനി: ആളുകള് എന്താ പറയ്ാ!

മേനോൻ: നമ്മളുടെ പണം പൊരുത്തുകാര് പറ്റീച്ചൂന്ന് കേട്ടാൽ ആളുകൾക്ക് ചിലതൊക്കെ പറയാനുണ്ടാവില്ലെ? ആ കൂട്ടത്തില് ഇതിനെപ്പറ്റി പറയാനുള്ളതും അങ്ങട്ട് പറഞ്ഞോട്ടെ!

വിലാസിനി: അയ്യയ്യെ, വാലിയക്കാരുംകൂടി നമ്മളെ കളിപ്പിക്ക്വോലൊ!

മേനോൻ: അതിന് വഴിണ്ട്. എടാ വാസു, വാസൂ!

വാസു: (പ്രവേശിച്ച് സസ്മിതം) എന്തേ?

മേനോൻ: വാസൂ, നിനക്കിനി വീട്ടിൽ പോവാം, നിന്നെ പിരിച്ചിരിക്കുന്നു.

വാസു: വാസു അത് മൂപ്പരേ, പുളിങ്ങയ്ക്കും കൊട്ടയ്ക്കുംകൂടി വില പറയുമ്പൊത്തന്നെ കണക്കാക്കിയിരിക്കുന്നു.

വിലാസിനി: വാസ്വാരേ, നിങ്ങളപ്രത്ത് പോയിട്ട് ഊണ് കഴിച്ചു പോയാൽ മതി.

വാസു: അത് കഴിഞ്ഞിരിക്കുന്നു.

വിലാസിനി: ഇത്ര വേഗം!

വാസു: പാറുക്കുട്ടിയാ ചോറ് വിളമ്പിയത്.

വിലാസിനി: അതോണ്ട്?

വാസു: അവള് പാണ്ടൻനായയ്ക്ക് കൊടുത്തു ചോറ് മുഴുവൻ. അവനെക്കൊണ്ടാണത്രെ ഉപകാരം.

വിലാസിനി: എന്തൊരസത്താ അവള് !

മേനോൻ: അവളാ ശരി. ആ കള്ളന്മാര് പണവും തോല്പിച്ചു പോകുമ്പൊ രണ്ടു കുരയെങ്കിലും കുരയ്ക്കാൻ ഇവന് തോന്നീലലൊ.

വിലാസിനി: ആ മൂധേവിപ്പെണ്ണിനേയും ഇനി വെച്ചിരിക്കേണ്ട.

മേനോൻ: ശരി. പാറുക്കുട്ടീ, പാറുക്കുട്ടീ!

പാറുക്കുട്ടി: (പ്രവേശിച്ച്) എന്തെ?

മേനോൻ: അവളോടു പറയേണ്ടത് വിലാസിനിയാണ്.

വിലാസിനി: ഇപ്പഴത്തെ സ്ഥിതിക്ക് ഞാനല്ല പറേണ്ടത്.

വാസു: മൂപ്പരേ, ഇപ്പഴത്തെ സ്ഥിതിക്ക് ഞാൻ പറഞ്ഞോളാം. പാറുക്കുട്ടീ, നെന്നേയും ഇവിടുന്ന് പിരിച്ചിരിക്കുന്നു.

പാറുക്കുട്ടി: കൊച്ചമ്മേ, ഞാനീ നായിനേംകൂടി കൊണ്ടോട്ടെ?

വാസു: നിയ്യ് എന്നെത്തന്നെയാവ്വോലൊ ഉദ്ദേശിക്ക്ണത്?

പാറുക്കുട്ടി: ഞാൻ പെണ്ണാണ്.

മേനോൻ: വാസൂ, അവൾക്ക് ആരോടാ അധികം കമ്പം എന്ന് പറയാൻ വയ്യ. പാറുക്കുട്ടി, അതിനേം കൂട്ടിക്കൊ. അതിനി ഇവിടെ വന്നിട്ട് ഇങ്ങനെ വാലാട്ടുമ്പൊ വിലാസിനിക്ക് തോന്നും കളിയാക്ക്ാണ്, കളിയാക്ക്ാണെന്ന്. വാസൂ, ഒരേ നിർഭാഗ്യം ഞങ്ങളെ ഒന്നാക്കിയിരിക്കുന്നു.

വാസു: മൂപ്പരേ, വാസൂന് മനസ്സിലായി. പാറുക്കുട്ടി എന്നേയും കൂട്ടിക്കോളും. അവള് നല്ല കൂട്ടത്തിലാ. ഒരേ ഭാഗ്യമാണ് ഞങ്ങളേം ഒന്നാക്ക്ണത്. ഞങ്ങള് പോട്ടെ. പാറുക്കുട്ടീ, വരൂ.

(കർട്ടൻ)

# ഞങ്ങൾ ദയയെ തൂക്കിക്കൊന്നു

**കഥാപാത്രങ്ങൾ**

**മുതലാളി,**
**കൂടക്കാരൻ,**
**ചിപ്പുളിക്കാരൻ,**
**സ്വർണ്ണപണിക്കാരൻ,**
**വൃദ്ധൻ,**
**യാചകി,**
**ഒരു പോലീസുദ്യോഗസ്ഥൻ.**

(രംഗത്തിൽ വലത്തുഭാഗത്തു പകുതിസ്ഥലം അഴികളിട്ടു വേർതിരിച്ചിരിക്കുന്നു. അതൊരു കൂടാണെന്നു തോന്നും. വാതിലും അഴികൾകൊണ്ടാണ്. ആ വാതിലിന്മേൽ ഒരു പോത്തൻ പൂട്ടിട്ടു പൂട്ടിയിരിക്കുന്നു. ഈ പൂട്ട് ഒറ്റ നോട്ടത്തിൽ കാണത്തക്കവിധം അത്രയും വലുതാണ്. അഴിക്കൂട്ടിന്നുള്ളിൽ മൂന്നു തൊഴിലാളികൾ ഇരുന്നു പണിയെടുക്കുന്നു. ഒരാൾ വലിയ കൂടംകൊണ്ടു മേടുന്നു. ഒരാൾ ചിപ്പുളി പ്രയോഗിക്കുന്നു. ഒരാൾ സ്വർണ്ണപ്പണിയ്ക്കു നെരിപ്പോടു വെച്ച് ഊതുന്നു. രംഗത്തിന്റെ ഇടത്തെ പകുതിസ്ഥലത്ത് ഒരു പോത്തൻ കസാല. ഒരു ഭാഗത്തെ സ്റ്റൂളിന്മേൽ ഒരെഴുത്തുപെട്ടി. അതിന്മേൽ ഒരു കിഴിപ്പണവും ഒരു വലിയ താക്കോലും. ആ കിഴിയുടെ ചരട് മുൻപറഞ്ഞ പൂട്ടുപോലെത്തന്നെ ഒറ്റനോട്ടത്തിൽ കാണത്തക്കവിധം അത്രയും വലിയ ഒരു കയറാണ്. കസാലയിൽ കുടവയറുന്തിയ ഒരു മുതലാളി (വേഷം: ബട്ടണിടാത്ത ഓപ്പൻകോട്ടും അതിനുള്ളിലൂടെ കാണാവുന്ന വെളുത്ത കുപ്പായവും, ഉയർന്ന കുമ്പയ്ക്കു താഴെ നിറമുള്ള ഒരു തടിച്ച ബെൽട്ടും.) കസാലയിൽ മലർന്നിരുന്നു. പണക്കിഴിയുടെ കയർ കഴുത്തുചുറ്റി ഇട്ടിരിക്കുന്നു– കഴുത്തുചുറ്റി വേഷ്ടിയിടുംപോലെ. സന്ധ്യകഴിഞ്ഞ സമയം. ഒരിളം ചുകപ്പുള്ള വെളിച്ചം. മുതലാളി പാർശ്വത്തിൽവെച്ച ഹുക്കവലിക്കുകയാണ്. ഒരു സ്റ്റൂളിന്മേൽ കുറെ കണക്കുപുസ്തകങ്ങൾ കൂടിയുണ്ട്.)

കൂടക്കാരൻ: (വലിയ ഒച്ചയിൽ കൂടം താഴെയിട്ടു നിവർന്നുനിന്ന് ഉറക്കെ) വയ്യ. ഇനി വയ്യ. ഒരൊറ്റയടി അടിക്കാൻ വയ്യ.

ചിപ്പുളിക്കാരൻ: (മരം ചീകുന്നതു നിർത്തി അതേപടി ഇരുന്നു കൂടക്കാരന്റെ മുഖത്തേയ്ക്കു ചെരിഞ്ഞുനോക്കിക്കൊണ്ട്) എന്തേ മൂപ്പരേ, മൊരണപോലെ നില്ക്കണത്? എന്തു പറ്റി?

കൂടക്കാരൻ: വയ്യ, അത്തന്നെ. ഇരുമ്പിൽ പണിയെടുക്കുന്നത് ഇരുമ്പല്ല. എറച്ചിയും എല്ലുമാണ്.

ചിപ്പുളിക്കാരൻ: ശരിയാണ്. (സ്വന്തം കൈ നോക്കി) മരം മിനുസമാവുംതോറും കയ്യ് മുരടിക്കും. (വിരൽ ഓരോന്നും വലിച്ചു കുടയുന്നു. പിന്നെ എഴുന്നേറ്റ് ) വയ്യ, തീരെ വയ്യ. ഇനി ഒറ്റവലി വലിച്ചൂടാ.

സ്വർണ്ണപ്പണിക്കാരൻ: (ഇരുന്നൂതുന്നതിനിടയ്ക്ക് ചെരിഞ്ഞുനോക്കിക്കൊണ്ട്) ഓ, കൊളുത്ത് ഒറപ്പിച്ചോാലോ. എന്തു പറ്റി അളിയാ?

ചിപ്പുളിക്കാരൻ: എടോ, മരത്തിൽ പണിയെടുക്കുന്നത് മരമല്ല, എറച്ചിയും എല്ലുമാണ്.

സ്വർണ്ണപ്പണിക്കാരൻ: അതെ അതെ. പക്ഷേ എറച്ചിയും എല്ലും എന്താണ്? ഒന്നുകിൽ മരം, അല്ലെങ്കിൽ ഇരുമ്പ്; അതുമല്ലെങ്കിൽ സ്വർണ്ണം. മരം ഇല്ലെങ്കില് , ഇരിമ്പില്ലെങ്കില്, സ്വർണ്ണം ഇല്ലെങ്കില്-ഈ കൂട്ടിന്നുള്ളില് എറച്ചിയുമില്ല, എല്ലൂല്യ. (കുനിഞ്ഞിരുന്ന് ഊതുന്നു)

കൂടക്കാരൻ: (ക്രുദ്ധനായി) എട, നിർത്തിയ്ക്കോ. ഞാനിക്കൂടം നെന്റെ തലയ്ക്കു കാച്ചും.

ചിപ്പുളിക്കാരൻ: സ്വർണ്ണമല്ലെ? എറച്ചിയും എല്ലുമല്ലല്ലോ. പതം വരട്ടെ.

സ്വർണ്ണപ്പണിക്കാരൻ: (മുതലാളിയെ ചൂണ്ടി) അതാ, പതം വന്ന എറച്ചി. ഒറ്റ എല്ലില്ല.

(മുതലാളി ചിലമ്പി ശബ്ദിപ്പിച്ചുകൊണ്ട് രസിച്ചിരിക്കുന്നു)

ചിപ്പുളിക്കാരൻ: കൊതിയൻ. എടോ അത് റെസ്റ്റാറന്റിലെ എറച്ചിയല്ല.

സ്വർണ്ണപ്പണിക്കാരൻ: അന്നൊരു ദിവസം എറച്ചി എടുത്തൊരു കടി. പല്ലിന്റെ ശങ്കീരി ഊരി.

കൂടക്കാരൻ: പച്ചനൊണ! റെസ്റ്റാറന്റിൽ കേറാൻ നിനക്കെവിടുന്നേ പൈസ?

ചിപ്പുളിക്കാരൻ: അവന്റെ സങ്കല്പമാണ്. കൊതിയുടെ സങ്കല്പം.

സ്വർണ്ണപ്പണിക്കാരൻ: (കുനിഞ്ഞിരുന്ന് ഊതുന്നതിന്നിടയ്ക്ക് ) ഈ ആഴ്ചത്തെ കൂലി കിട്ടിയാൽ ഞാൻ കേറും റെസ്റ്റാറന്റില്.

കൂടക്കാരൻ: (മുതലാളിയെ ചൂണ്ടി) ഞാൻ ഒരു ദിവസം കൂടംകൊണ്ട് ആ എറച്ചി പാകമാക്കും. നീ തിന്ന്. എന്നിട്ട് ആ ഊത്തൊന്നു നിർത്തി എഴുനേല്ക്ക്.

സ്വർണ്ണപ്പണിക്കാരൻ: എനിക്കിതിൽ രസമുണ്ടെടോ. തന്റെ കൂടംമേടൽ പോലെ അല്ല.

കൂടക്കാരൻ: എനിക്കും രസമുണ്ട്, വങ്ക! പക്ഷേ ഇതെന്റെ പെരപ്പണിക്കുള്ളതല്ല.

ചിപ്പുളിക്കാരൻ: ഇതെന്റെ പെരപ്പണിയ്ക്കും ഉള്ളതല്ല.

സ്വർണ്ണപ്പണിക്കാരൻ: പിന്നെ ഇതെന്റെ ഭാര്യയുടെ കഴുത്തിലേയ്ക്കാണല്ലോ! (കുഴൽ താഴെവെച്ചു വിഷമിച്ചുകൊണ്ട് എഴുനേല്ക്കുന്നു.) പിന്നെ എങ്ങിനെ പോകും? (ആയാൾ താഴ് ചൂണ്ടിക്കാണിക്കുന്നു.)

ചിപ്പുളിക്കാരൻ: ഒരു പൂട്ട് ! ഒരു പൂട്ട് !

സ്വർണ്ണപ്പണിക്കാരൻ: ആവൂ! എന്തൊരു കൂറ്റൻ പൂട്ട് ! അതോണ്ട് ആകാശവും കടലും പൂട്ടിയിടാം. ഇതാരുണ്ടാക്കി?

കൂടക്കാരൻ: (അഭിമാനത്തോടുക്കൂടി) പോത്തൻപൂട്ട് ! അതു ഞാനേ ഉണ്ടാക്കൂ.

സ്വർണ്ണപ്പണിക്കാരൻ: അതേ, ആകാശവും ഭൂമിയും പൂട്ടിയിടാവുന്ന പൂട്ട് തൊഴിലാളിയുണ്ടാക്കി!

ചിപ്പുളിക്കാരൻ: അതേ, തൊഴിലാളിയുണ്ടാക്കി. എന്നിട്ട് തൊഴിലാളിയെത്തന്നെ പൂട്ടിയിട്ടു!

കൂടക്കാരൻ: ഞാനതുടയ്ക്കും. ഞാൻ അത് ഇക്കൂടംകൊണ്ടുടയ്ക്കും.

ചിപ്പുളിക്കാരൻ: എടോ, അഴിയുടെ അപ്പുറത്താണ് പൂട്ട് !

കൂടക്കാരൻ: ഞാൻ അഴി പൊട്ടിക്കും, ഞാൻ അഴി പൊട്ടിക്കും.

(ക്രുദ്ധനായിച്ചെന്ന് അഴി പിടിച്ചു കുലുക്കുന്നു)

സ്വർണ്ണപ്പണിക്കാരൻ: നായ്ക്കളെപ്പോലെ പൂട്ടിയിട്ടു.

ചിപ്പുളിക്കാരൻ: നായ്ക്കൾ കടിക്കും, അവയെ പൂട്ടിയിടാൻ ചെന്നാൽ. തൊഴിലാളികൾ വാലാട്ടും.

(കൂടക്കാരൻ വീണ്ടും വീണ്ടും അഴി പിടിച്ചു കുലുക്കുന്നു)

മുതലാളി: (ഞെട്ടിക്കൊണ്ടു നാലുഭാഗത്തും നോക്കി ഒടുവിൽ കൂടക്കാരനെ കണ്ട് ) എടടാ, എടടാ.

(ഒരു സാധാരണക്കാരനായ വൃദ്ധൻ പ്രവേശിച്ചു. രംഗത്തിൽ ഒരറ്റത്ത് ഒതുങ്ങിനിന്നു ചുറ്റും നോക്കുന്നു.)

കൂടക്കാരൻ: ഹെ, തൊഴിലാളികൾ നായ്ക്കളല്ല.

മുതലാളി: അല്ല. തൊഴിലാളികൾ നായ്ക്കളല്ല.

കൂടക്കാരൻ: തൊഴിലാളികളെ പൂട്ടിയിടാൻ പാടില്ല. അതു സമ്മതിക്കില്ല.

വൃദ്ധൻ: (മുതലാളിയോട്) നിങ്ങളെന്താണ് ഈ ചെയ്തത്? മനുഷ്യനെ പൂട്ടിയിടുകയോ? (തൊഴിലാളികളോട്) നിങ്ങൾ സമ്മതിക്കരുത്.

മുതലാളി: സമ്മതിക്കരുത്. പൂട്ടിയിടാൻ പാടില്ല.

കൂടക്കാരൻ: പിന്നെ, നിങ്ങൾ ഞങ്ങളെ എന്തിനു പൂട്ടിയിട്ടു?

മുതലാളി: (ചിരിച്ചുകൊണ്ട്) അതുകൊണ്ടു നിങ്ങൾക്കെന്ത്? അതവിടെ എന്നുമുണ്ട്. (വൃദ്ധനോട്) അതവർക്ക് രക്ഷയാണ്. അവരെ മറ്റുള്ളവർ അലോസരപ്പെടുത്തിക്കൂടാ. അതവിടെ എന്നുമുണ്ട്.

കൂടക്കാരൻ: എന്നുമുണ്ട്?

മുതലാളി: എന്നുമുണ്ട്. സമയമായാൽ അതു തുറന്നിടും.

കൂടക്കാരൻ: സമയമായാൽ–

വൃദ്ധൻ: ഓഹോ, അതവർക്കു രക്ഷയാണോ? എങ്കിൽ ശരി.

മുതലാളി: അതെ. (തൊഴിലാളികളോട്) ഇന്നെങ്ങിനെ നിങ്ങളതു കണ്ടു?

കൂടക്കാരൻ: ഞങ്ങൾക്കു സമയമായി, തുറക്കൂ.

മുതലാളി: ഇല്ല. (ക്ലോക്ക് നോക്കി) ആറു മണി. എട്ടുമണിയ്ക്കാണ് സമയം.

കൂടക്കാരൻ: ഞങ്ങൾക്ക് ആറുമണിയ്ക്കു പോണം. എട്ടു മണിക്കൂറേ പണി എടുക്കാൻ ഒക്കൂ.

മുതലാളി: പറ്റില്ല. പത്തു മണിക്കൂർ കഴിയണം, കൂലി തരണമെങ്കിൽ.

കൂടക്കാരൻ: മേലാൽ അതു കഴിയില്ല. എട്ടുമണിക്കൂറിലധികം ഒരു മിനിട്ടു സാധിക്കില്ല.

വൃദ്ധൻ: ശരിയാണ്. എട്ടുമണിക്കൂറേ പണി എടുപ്പിക്കാവൂ.

മുതലാളി: തീർച്ചയാണോ?

കൂടക്കാരൻ: തീർച്ച.

മുതലാളി: ശരി, എട്ടുമതി. കൂലി എട്ടണ! പിന്നെ രണ്ടുമണിക്കൂറിന്നു വേറെ ആളെ വിളിക്കും. രണ്ടുമണിക്കറിന്ന് എട്ടണ! നോക്കാം. (റജിസ്റ്റർ എടുക്കുന്നു.) നിന്റെ പേര്? (പേജ് മറിക്കുന്നു.)

സ്വർണ്ണപ്പണിക്കാരൻ: (കൂടക്കാരനോട്) എടാ ഇരിയ്ക്ക്, ഇരിയ്ക്ക്. നോക്ക്, നിനക്ക് എട്ടുമക്കളുണ്ട്. എട്ടണ. ഭാര്യയും. അപ്പോൾ ഒമ്പതു പൂട്ടായി ഇരുന്നോ, ഇരുന്നോ. (സ്വയം കുനിഞ്ഞിരുന്നു പണി എടുക്കുന്നു.)

ചിപ്പുളിക്കാരൻ: ഇരുന്നോ, ഇരുന്നോ. എല്ലാർക്കുമുണ്ട് ഭാര്യയും മക്കളും. (കുനിഞ്ഞിരുന്നു പണി എടുക്കുന്നു.)

കൂടക്കാരൻ: (പിറുപിറുക്കുന്നു) ഒരു മണിക്കൂറിന്ന് ഒരണ. അവന്റെഎല്ലു വെള്ളമാക്കണം. (വൃദ്ധനോട്) ഹേ നിങ്ങളിതെല്ലാം കാണണം. (മെല്ലെ കുമ്പിട്ടു കൂടമെടുത്ത് അടക്കുന്നു.)

മുതലാളി: (തിരിഞ്ഞു നോക്കാതെ) നിന്റെ പേര്?

(ഉത്തരമില്ല)

മുതലാളി: (തിരിഞ്ഞ്) ഓഹോ, അപ്പോൾ പോകണ്ട?

വൃദ്ധൻ: ഹേ, എട്ടുമണിക്കൂർ കഴിഞ്ഞാൽ പൂട്ടു തുറന്നിട്ടേയ്ക്കണം.

മുതലാളി: ഊപ്പിടി കാട്ടുകയാണ്, നായ്ക്കൾ. പൂട്ടു കണ്ടു. അതൊരു പുരോഗതിയാണ്. പക്ഷേ അതു വേണം. പൂട്ടുണ്ടെന്ന ബോധമാണ് അവരെ അടക്കി നിർത്തുന്നത്. നായ്ക്കൾ എന്റെ എറച്ചി തിന്നും. (രണ്ടു വിരൽ കൂട്ടിത്തിരുമ്പി പണമെന്നു കാണിച്ച്) അതെ, എറച്ചി–എന്റെ–എറച്ചി തിന്നും. നിങ്ങൾക്കു മനസ്സിലായോ? (പെട്ടെന്നു നിർത്തി ഇടതുഭാഗത്തേയ്ക്കു തുറിച്ചു നോക്കുന്നു. മുതലാളിയുടെ മുഖത്ത് ഭയം പ്രത്യക്ഷപ്പെടുന്നു. ഇടത്തുഭാഗത്തൂടെ ഒരു യാചകി പ്രവേശിച്ചു മുതലാളിയെ ദയനീയമായീ നോക്കി നില്ക്കുന്നു.)

മുതലാളി: (ഭയപ്പാടോടേ ജല്പിക്കുന്നു) തെണ്ടി! തെണ്ടി! വിളക്കു വെയ്ക്കുമ്പോൾ തെണ്ടി കയറി വരുന്നു. അവലക്ഷണം.

യാചകി: മുതലാളി വല്ലതും തരണം.

മുതലാളി: അതേ, എരവൽ. ത്രിസന്ധിയ്ക്ക് എരവൽ! എടീ, പോ ദൂരെ.

യാചകി: ഇന്നൊന്നും കഴിച്ചിട്ടില്ല.

മുതലാളി: ഓ ഹോ. ഇത് ഹോട്ടലല്ല. ഹോട്ടൽ അപ്പുറത്ത്. അവിടെപ്പോ.

യാചകി: ഒരു മുക്കാല് തരണം മുതലാളീ.

മുതലാളി: മുക്കാലോ? മുക്കാൽ വെറുതെ കിട്ടും, ഇല്ലേ?

യാചകി: മൊതലാളീ, ദയ വേണം. ഒരു മുക്കാല് മതി. ദാരിദ്ര്യം കൊണ്ടാണ് മൊതലാളീ എരക്കണത്. കഷ്ടപ്പാട് മൊതലാളിയ്ക്ക് അറിഞ്ഞൂടാ. ഉടുക്കാനില്ല മൊതലാളീ. വെശന്നിട്ട് വയ്യ മൊതലാളീ

ഇത്തിരി ദയ വേണം.

വൃദ്ധൻ: ഹാ, എല്ലാവർക്കും ദയ വേണം

മുതലാളി: (യാചകിയോട്) ഛെ, ഛെ പോ, പോ. ഈ സന്ധ്യയ്ക്ക് അശ്രീകരം പറയല്ലെ. പണം തന്നൂടാ. പണം വെറുതെ കിട്ടില്ല. പോ. ദാരിദ്ര്യം ചീത്തയാണ്, ഉടുക്കാനില്ലെങ്കിൽ മഹാ മോശം, വിശപ്പും നന്നല്ല. പണം വേണം. പണമാണ് കാര്യം. അത് വെറുതെ കൊടുത്തുകൂടാ വെറുതെ കൊടുത്താൽ ഉടുക്കാനില്ലാതെ ആവും. വിശക്കും. (ദേഹം കുടഞ്ഞു വെറുപ്പു കാണിച്ചുകൊണ്ട്) ഞാനും എരന്നു പോവും!

വൃദ്ധൻ: അതെ, അതെ, പണം സൂക്ഷിച്ചു ചിലവാക്കണം. തീർച്ച.

യാചകി: അയ്യോ, മൊതലാളീ, ദയ വേണം, മൊതലാളീ.

മുതലാളി: പോ, പോ. പോയില്ലെങ്കിൽ ഞാൻ അടിച്ചോടിക്കും. അശ്രീകരം.

യാചകി: അയ്യോ മൊതലാളീ. നിങ്ങൾക്കു ദൈവം തന്നിട്ടുണ്ട്, ധാരാളം. ഇങ്ങിനെ ദുഷ്ടത കാണിക്കരുത്.

മുതലാളി: അതെ, ദൈവം തന്നു. നിനക്ക് ദൈവം തന്നില്ല. ദൈവത്തിന്റെ ഇഷ്ടം നടക്കണം. ഞാനതു തകരാറാക്കാൻ പാടില്ല.

യാചകി: എനിക്കുംക്കൂടി വേണ്ടിയാണ് മൊതലാളിക്കു തന്നിട്ടുള്ളത്.

മുതലാളി: ആരേ പറഞ്ഞത്?

യാചകി: (കിഴി ചൂണ്ടിക്കാട്ടി) അതാ, അതിലുള്ള പണം എനിക്കുംകൂടി ഉള്ളതാണ്.

മുതലാളി: എന്ത്? ഈ പണം നിനക്കാണല്ലേ? ഇപ്പോൾ കിട്ടി! പണം എന്താണെന്നാ വിചാരിച്ചത് നിയ്യ്? കണ്ണു ചൂന്നെടുക്കണം.

യാചകി: ധർമ്മം കൊടുക്കാത്ത നിങ്ങള് മുടിഞ്ഞുപോവും.

മുതലാളി: നെണക്കു തന്നാലാ മുടിയുക. (ക്രുദ്ധനായി) പോകാൻ പറഞ്ഞില്ലെ? (ആട്ടിയോടിക്കാൻ കയ്യും കലാശവും കാണിക്കുന്നു.)

യാചകി: (ഒരടി മുമ്പോട്ടു വെച്ച് ) ധർമ്മം തരണം മൊതലാളീ! ഇങ്ങിനെ ദുഷ്ടത ചെയ്യരുത്.

മുതലാളി: (സംഭ്രാന്തിയോടെ ഒരു കൈകൊണ്ട് സഞ്ചി അമർത്തിപ്പിടിച്ചു മറ്റേ കൈകൊണ്ടു കയറിന്റെ മറ്റേ അറ്റം പിടിച്ചു വലിക്കുന്നു. കഴുത്തിൽ കയർ മെല്ലെ മെല്ലെ മുറുകുന്നു.) പണം! എന്റെ പണം! നീ തട്ടിപ്പറിക്കാൻ വന്നതാണ്. എല്ലാം പിടിച്ചുപറിക്കാൻ - എന്നിട്ട്? ഞാൻ നാളെ തെണ്ടാൻ നടക്കുക! തരാവില്ല. തെണ്ടി! പട്ടി! തരാവില്ല.

വൃദ്ധൻ: ഹായ് ഹായ്, ദയ വേണം. ഇതൊന്നും നന്നല്ല. കലഹം നന്നല്ല. (പോകുന്നു. തൊഴിലാളികൾ എഴുന്നേറ്റ് അഴിയിലൂടെ നോക്കുന്നു.)

യാചകി: തരാതെ പോവില്ല. വെശന്നിട്ടാണ്.

മുതലാളി: (വലി മുറുക്കികൊണ്ട് ഗർജ്ജിക്കുന്നു.) പോകാൻ! ഒരു മുക്കാലു തരില്ല. കാല് ഞാൻ തച്ചൊടിക്കും. (തിരിഞ്ഞ് തൊഴിലാളികളോട്) ഓടിക്കാൻ ഈ പിശാചിനെ. പണം തട്ടുന്ന പിശാച്!

കൂടക്കാരൻ: അതേ, പിശാച്. അവൾ ചോര കുടിക്കും.

യാചകി: അയ്യോ ഞാൻ പാവമാണേ, എരക്കാൻ നടക്കുന്ന പാവം.

ചിപ്പുളിക്കാരൻ: പാവങ്ങൾ തൊഴിലാളികളാണ്. നീ പാവമല്ല. നീ ചോരകുടിയന്മാരുടെ ചോര കുടിക്കുന്ന എരപ്പാളിപ്പിശാചാണ്.

സ്വർണ്ണപ്പണിക്കാരൻ: എടീ, എരക്കാൻ നടക്കരുത്. അത് പാപമാണ്.

യാചകി: അയ്യോ, എരക്കുന്നോർക്കു വല്ലതും കൊടുത്താൽ പുണ്യാണോ. വല്ലതും വാങ്ങിത്തരണേ.

സ്വർണ്ണപ്പണിക്കാരൻ: അല്ലല്ല; പുണ്യം തൊഴിലാളിയ്ക്കു തരുന്നതാ എരക്കുന്നോർക്കു കൊടുത്താലാ പാപം.

മുതലാളി: കേൾക്ക്, കേൾക്ക്, അതാണ് ശരി. നീ പോ. വല്ല പണിയുമെടുക്ക്.

യാചകി: അയ്യോ, എനിക്ക് ഒരു പണിയും കിട്ടില്ല മൊതലാളീ.

മുതലാളി: എന്നാൽ ചത്തുപോ.

യാചകി: അയ്യോ ദയയില്ലേ?

കൂടക്കാരൻ: എടീ, ദയ ഉണ്ടോ? എന്നാൽ ദുഷ്ടതയും ഉണ്ട്. ദയയ്ക്ക് എരക്കുമ്പോഴാണ് ദുഷ്ടത പത്തി എടുക്കുന്നത്.

യാചകി: പിന്നെ ഞാനെന്താ ചെയ്യാ?

കൂടക്കാരൻ: ചാവുകതന്നെ. ദയനീയത ആദ്യം ചാവട്ടെ; ചാവാൻ കൂട്ടാക്കാഞ്ഞാൽ ദുഷ്ടത ദീർഘായുസ്സായിരിക്കും.

യാചകി: ഞാൻ ചാവില്ല. (ഒരടികൂടി മുമ്പോട്ടു വെച്ച്) മൊതലാളീ, എനിക്കെന്തെങ്കിലും തരണം. തന്നേ ഞാൻ പോവൂ.

മുതലാളി: (കയർ കുറെക്കൂടി വലിച്ചു മുറുക്കി വേദനിച്ചുകൊണ്ട് അലറുന്നു) എടാ, ഓടിക്കിൻ ഇതിനെ. അയ്യേ, ഇതു തട്ടിപ്പറിക്കും, പിശാച് പിശാച്!

കൂടക്കാരൻ: ഞങ്ങളെ തുറന്നുവിടു അവൾ നിങ്ങളെ കൊല്ലും.

ചിപ്പുളിക്കാരൻ: അവൾ നിങ്ങളുടെ ചോര കുടിക്കും.

സ്വർണ്ണപ്പണിക്കാരൻ: അവൾ നിങ്ങളുടെ എറച്ചി തിന്നും. എല്ലില്ലാത്ത ഇറച്ചി. ഞങ്ങളെ തുറന്നു വിടു.

മുതലാളി: പാടില്ല പാടില്ല മണി എട്ടാവട്ടെ.

കൂടക്കാരൻ: എന്നാൽ അവൾ കൊല്ലട്ടെ.

യാചകി: (ഒരടികൂടി വെച്ച് ) മൊതലാളി തരണം ഒരു മുക്കാല്. ഇല്ലാത്തോർക്ക് തരാഞ്ഞാൽ പറ്റില്ല.

മുതലാളി: (സംഭ്രാന്തനായി പിടഞ്ഞ് ) അയ്യോ! അയ്യോ! പോടീ, പോ. (അടുത്തുള്ള സാധനങ്ങളെല്ലാം തട്ടിമറിച്ചിടുന്നു. ശ്വാസം മുട്ടി കണ്ണു തുറിക്കുന്നു. വിഷമത്തോടെ) എന്നെ കൊന്നു, കൊന്നു.

കൂടക്കാരൻ: ഹെ, ആ സഞ്ചിയുടെ കയർ വിടിൻ.

സ്വർണ്ണപ്പണിക്കാരൻ: കയർ വിടിൻ.

ചിപ്പുളിക്കാരൻ: കയർ വിടിൻ. അതു നിങ്ങളെ കൊല്ലും.

മുതലാളി: വിടില്ല, വിടില്ല, പണം തട്ടും, തട്ടും.

യാചകി: അയ്യോ മുക്കാല് തരണേ. ഒരു മുക്കാലിന്നുവേണ്ടിയാ മരിക്കണത്.

തൊഴിലാളികൾ: ഹേ കയർ വിടിൻ. പണസ്സഞ്ചിയാണ് നിങ്ങളെ കൊല്ലുന്നത്. വിഡ്ഢി, കയർ വിട്ടേയ്ക്കിൻ.

മുതലാളി: (മരണപ്പിടച്ചലിൽ) വിടില്ല...വിടില്ല...കൊല്ലട്ടെ.....ഹ ഹ...

(കണ്ണടച്ചു വീഴുന്നു)

തൊഴിലാളികൾ: ചത്തു ദുഷ്ടൻ ചത്തു!

(യാചകി സംഭ്രമിച്ച് തരിച്ചുനില്ക്കുന്നു)

കൂടക്കാരൻ: നീ മുതലാളിയെ കൊന്നു.

യാചകി: അയ്യോ, ഞാനൊന്നും ചെയ്തില്ല. തൊട്ടില്ല. നൊണപറയല്ലെ! നൊണ പറയല്ലെ! ദയ വിചാരിച്ച് നൊണപറയല്ലെ!

കൂടക്കാരൻ: അതെ. നീയാണ് കൊന്നത്. ദയയാണ് ദുഷ്ടതയെ കൊന്നത്.

(ഒരു പോലീസുദ്യോഗസ്ഥൻ പ്രവേശിക്കുന്നു)

പോലീസ്: എന്താണിവിടെ? വലിയ അലർച്ച കേട്ടല്ലോ, എന്താണിത്?

യാചകി: (വിറച്ചുകൊണ്ട്) എജമാനേ, ഞാൻ ഒന്നും ചെയ്തില്ല. പഷ്ണിയാണ് എജമാനേ! ചിറ്റാനില്ല എജമാനേ!

കൂടക്കാരൻ: (പോലീസുകാരനോട്) അങ്ങോട്ടു നോക്കൂ (മുതലാളിയെ ചൂണ്ടിക്കാണിക്കുന്നു)

(പോലീസുകാരൻ കണ്ടു ഞെട്ടുന്നു. ഒരടി പിന്നോക്കം വെയ്ക്കുന്നു)

കൂടക്കാരൻ: ഹെ, നിങ്ങൾക്കു പേടിയോ?

പോലീസ്: ഛേ, ഇല്ലില്ല.

കൂടക്കാരൻ: പിന്നെ എന്തിനു പിന്മാറി?

പോലീസ്: അതോ? – ആലോചിച്ചതാണ്.

ചിപ്പുളിക്കാരൻ: എന്താലോചിച്ചു?
പോലീസ്: അതോ? - എങ്ങിനെ യാദാസ്ത് എടുക്കണമെന്ന്.
കൂടക്കാരൻ: എന്തിന് യാദാസ്ത്?
പോലീസ്: ഇതു കൊലക്കേസ്സാണ്. ഒരു പോലീസുദ്യോഗസ്ഥൻ കണ്ടാൽ യാദാസ്ത് എടുക്കണം.
ചിപ്പുളിക്കാരൻ: എന്തിന്?
പോലീസ്: പകരം ഒരാളെ തൂക്കിക്കൊല്ലാൻ.
ചിപ്പുളിക്കാരൻ: തൂക്കിക്കൊല്ലാനോ? ആരെയാണ് തൂക്കേണ്ടത്?
പോലീസ്: ഈയാളെ കൊന്ന ആളെ.
ചിപ്പുളിക്കാരൻ: കൊന്ന ആളെ നിങ്ങൾ തൂക്കും?
പോലീസ്: നിശ്ചയമായും
സ്വർണ്ണപ്പണിക്കാരൻ: എറച്ചിയ്ക്കു വെല താഴും.
പോലീസ്: ആരാണ് ഈയാളെ കൊന്നത്?
കൂടക്കാരൻ: ആയാൾ മരിച്ചു എന്നു തീർച്ചയായോ?
പോലീസ്: ഓ, അത് നോക്കിക്കളയാം. (മെല്ലെ അടുത്തുചെന്നു നോക്കുന്നു. ഡയറി എടുത്തു കുറിക്കുന്നു.)
യാചകി: എജമാനേ, ഒരു മുക്കാല്. ദയ വേണേ.
പോലീസ്: (തിരിഞ്ഞുനോക്കി) നിന്റെ പേര്?
യാചകി: അയ്യോ, എന്റെ പേരെഴുതല്ലേ എജമാനേ. ഞാൻ കൊന്നിട്ടില്ല. ഒരു മുക്കാല് തരണേ.
പോലീസ്: അല്ലെങ്കിൽ, നിന്റെ പേര് സാരമില്ല. ഈയാളെ ആരു കൊന്നു.?
കൂടക്കാരൻ: മരിച്ചു എന്നു തീർച്ചയാണോ?
പോലീസ്: എന്ത് ! ഞാനത് റിക്കാർട്ടാക്കിക്കഴിഞ്ഞില്ലേ?
ചിപ്പുളിക്കാരൻ: നല്ലോണം നോക്കിക്കോളൂ. അയാള് ചാവാൻ വിഷമമുണ്ട്.
പോലീസ്: ഞാൻ റിക്കാർട്ടാക്കിയാലോ? ഹും! ഇതാ ഈ പണസ്സഞ്ചിയുടെ ചരട് കഴുത്തിൽ മുറുക്കിയാണ് ഈയാളെ സിദ്ധി കൂടിച്ചത്. ഇതാരു ചെയ്തു?
കൂടക്കാരൻ: (യാചകിയെ ചൂണ്ടി) അതാ, അവൾ.
യാചകി: അയ്യോ. നൊണ. നൊണ. (ഓടാൻ ഭാവിക്കുന്നു. പോലീസ് ചെന്നു പിടിക്കുന്നു. അവൾ ആലിലപോലെ വിറച്ചു വിറച്ചു നില്ക്കുന്നു.)
പോലീസ്: ഞാൻ ചോദിക്കുന്നു, നീ ആണോ ഈയാളെ കൊന്നത്?
യാചകി: യജമാനേ, ഞാൻ ഒരു മുക്കാൽ ചോദിച്ചേ ഉള്ളൂ.
പോലീസ്: എന്നിട്ട്?
യാചകി: തന്നില്ല എജമാനേ.
പോലിസ്: ശരി, ഇക്കൂട്ടർ തരില്ല. അതു സത്യമാണ് പറഞ്ഞത്. ബോധ്യപ്പെട്ടു. അപ്പോൾ നീ കൊന്നു അല്ലേ?
യാചകി: അയ്യോ ഞാൻ കൊന്നില്ല എജമാനേ. തൊട്ടില്ല. ഇതാ, ഇവിടെ നിന്നേ ഉള്ളൂ. എനിക്കു കൊല്ലാൻ വയ്യ എജമാനേ, എനിക്ക് എരക്കാനേ അറിയൂ.
കൂടക്കാരൻ: അതേ. അതേ. അവൾക്കു കൊല്ലാൻ വയ്യ! അതുകൊണ്ട് അവൾ എരന്നു കൊന്നു! ഒന്നും ചെയ്യാൻ വയ്യാത്തവരാണ് ആളെ കൊല്ലുന്നത്.
പോലീസ്: ഇവർ പറയുന്നതു കേട്ടില്ലേ? നിനക്കു സാക്ഷിയുണ്ടോ?
യാചകി: എന്തിന് എജമാനേ?
പോലീസ്: നീയല്ല കൊന്നത് എന്നു പറയാൻ?
(യാചകി പരിഭ്രമിച്ചു നാലുപുറവും നോക്കുന്നു)
പോലീസ്: ഇല്ല, ആരുമില്ല. നീതന്നെ. നിന്നെ അറസ്റ്റ് ചെയ്തിരിക്കുന്നു.
യാചകി: അയ്യോ, എന്നെ തൂക്കും. (പെട്ടെന്നു കോപാവിഷ്ടയായി അഴിക്കൂടിന്നു നേരെ പാഞ്ഞ്) ദ്രോഹികൾ! ദ്രോഹികൾ നൊണ പറഞ്ഞു.

(അവൾ പൂട്ടു പിടിച്ചു വലിക്കുന്നു. വൃദ്ധൻ വീണ്ടും പ്രവേശിച്ച് ഒരറ്റത്ത് നോക്കി നില്ക്കുന്നു.)

പോലീസ്: (പൂട്ട് കണ്ടിട്ട്) ഇതെന്താണ്, ഇതെന്താണ്?

കൂടക്കാരൻ: ഞങ്ങളെ പൂട്ടിയിട്ടിരിക്കുന്നു.

പോലീസ്: ഛെ, ഞാൻ തുറന്നുവിടും. ഈ വലിയ പൂട്ട് ഞാൻ തുറക്കും. (താക്കോൽ തപ്പുന്നു. സ്റ്റൂളിന്മേൽ നിന്നു താക്കോൽ എടുക്കുന്നു.) ഇതുകൊണ്ട് എല്ലാവരേയും സ്വതന്ത്രരാക്കും.

യാചകി: വേണ്ട. അവറ്റ നൊണ പറഞ്ഞു. അവറ്റ കൂട്ടിൽ കിടക്കട്ടെ.

പോലീസ്: (ആലോചിച്ച്, യാചകിയോട്) നുണ പറഞ്ഞുവോ?

യാചകി: ഉവ്വ്, പറഞ്ഞു.

കൂടക്കാരൻ: ഹേ, നുണ എപ്പോഴും നുണയായിത്തന്നെ ഇരിക്കുമോ?

പോലീസ്: (ആലോചിച്ച് ) ഇല്ല, സത്യമായി മാറുന്ന നുണയുമുണ്ട്.

യാചകി: എന്താണ് സത്യം?

കൂടക്കാരൻ: സത്യം എപ്പോഴും സ്വീകാര്യമായിരിക്കും. അതുകൊണ്ടു സ്വീകാര്യമായതാണ് സത്യം.

യാചകി: നൊണ, നൊണ, പിന്നേയും നൊണ.

വൃദ്ധൻ: ഹാ, എന്തു സത്യം? ആർക്കു സ്വീകാര്യമായത്?

കൂടക്കാരൻ: (കൂടം ഓങ്ങിക്കൊണ്ട് ) തൊഴിലാളിയ്ക്ക്. എന്താ സംശയമുണ്ടോ?

വൃദ്ധൻ: (കൂടം നോക്കിയിട്ട്) ശരിയായിരിക്കും.

പോലീസ്: അതെ. തുറന്നുവിടണം; അതാണ് സത്യം. (പൂട്ടു തുറക്കുന്നു) വരിൻ, എല്ലാവരും പുറത്തുവരിൻ.

വൃദ്ധൻ: എന്തായാലും തുറന്നുവിടേണ്ടതാവശ്യമാണ്.

(തൊഴിലാളികൾ പുറത്തു വന്നു നിരന്നു നില്ക്കുന്നു)

യാചകി: ഇനിയെങ്കിലും നേരു പറയിൻ. ദയചെയ്തു നേരു പറയിൻ. എന്നെ തൂക്കും! എന്നെ തൂക്കും!

കൂടക്കാരൻ: ദുഷ്ടത ചത്തില്ലേ?

യാചകി: ഉവ്വ്.

കൂടക്കാരൻ: എന്നാൽപ്പിന്നെ ദയയില്ല.

വൃദ്ധൻ: അതുണ്ടോ? ദുഷ്ടത ചത്താൽ ദയ ചാവുമോ? തെറ്റാണ്, തെറ്റ്.

കൂടക്കാരൻ: (കൂടം ഓങ്ങിക്കൊണ്ട് ) ശരിയാണ്, തൊഴിലാളിയാണ് പറയുന്നത്. ശരിയല്ലേ?

വൃദ്ധൻ: (പരുങ്ങിക്കൊണ്ട് ) ശരിയായിരിക്കാം.

പോലീസ്: ഞാൻ ഇവളെ കൊണ്ടുപോകുന്നു. ഇതാ. ഈ മരിച്ചവന്റെയല്ല ഇനി ഈ കമ്പനി. ആയാൾക്ക് അവകാശികൾ ഇല്ല.

തൊഴിലാളികൾ: ഉണ്ട്.

പോലീസ്: ആരാണ്?

തെഴിലാളികൾ: ഞങ്ങൾ, തൊഴിലാളികൾ. ഞങ്ങൾ സമ്പാദിച്ചതാണ് ഇതൊക്കെ.

വൃദ്ധൻ: ശരിയാണ്. ഇതെല്ലാം തൊഴിലാളി ഉണ്ടാക്കിയതാണ്.

പോലീസ്: ശരി, ഇതെല്ലാം നിങ്ങൾക്കു വിട്ടുതന്നു.

യാചകി: ഈ വലിയ പണക്കിഴിയും?

പോലീസ്: എല്ലാം.

യാചകി: അയ്യോ, നിങ്ങൾക്ക് ദയയുണ്ട് ദയയുണ്ടായി എന്നെ വിടണേ.

കൂടക്കാരൻ: ദയയല്ല. അർഹത. നിനക്കതു മനസ്സിലാവുന്നില്ല.

ചിപ്പുളിക്കാരൻ: തൂക്കുകയർ കഴുത്തിലിട്ടാൽ അവൾക്കതു മനസ്സിലാവും.

യാചകി: അയ്യോ. ഞാനൊരു തെറ്റും ചെയ്തില്ല. കട്ടില്ല. തട്ടിപ്പറിച്ചില്ല. ഒന്നും ചെയ്തില്ല.

കൂടക്കാരൻ: ആ, ഒന്നും ചെയ്യാത്തതാണ് തെറ്റ്. ചെയ്യ്. എന്തെങ്കിലും ചെയ്യ്. ജീവിക്കാനുള്ള അർഹത സമ്പാദിക്ക്. അല്ലെങ്കിൽ പോയി തൂങ്ങ് !

പോലീസ്: നടക്ക്. ഇതു വിധിയാണ്.

യാചകി: ഏത്?

പോലീസ്: രണ്ടും.
യാചകി: ഏത്  രണ്ടും?
പോലീസ്: എല്ലാ മുതലുളിമാരും തൂങ്ങിച്ചാവണം. എല്ലാതെണ്ടികളേയും തൂക്കിക്കൊല്ലും.
യാചകി: അയ്യോ, വിധി! (മുഖം പൊത്തുന്നു.)
വൃദ്ധൻ: എന്തു ഭ്രാന്താണ് നിങ്ങൾ ചെയ്യുന്നത്? ദയ മഹത്താണ്, എല്ലാറ്റിലും വലുതാണ്.
തൊഴിലാളികൾ: (നിരന്നുനിന്നു കയ്യുയർത്തി) ഞങ്ങൾ ദയയെ തൂക്കിക്കൊന്നു.
(മൂന്നു തവണ വിളിച്ചുപറയുന്നു)
വൃദ്ധൻ:  (തലതാഴ്ത്തി) ഹാ, ഞാൻ നിസ്സഹായനായി!

(കർട്ടൻ)

# ചാലിയത്തി

### കഥാപാത്രങ്ങൾ

| | |
|---|---|
| ലീല | ചെറുപ്പക്കാരി |
| ലക്ഷ്മിഅമ്മ | ലീലയുടെ അമ്മ |
| കരുണാകരൻനായർ | ലീലയുടെ അച്ഛൻ; മദ്ധ്യവയസ്സുണ്ട് |
| രാഘവൻ | ചെറുപ്പക്കാരൻ |
| കുഞ്ഞിക്കുട്ടിഅമ്മ | മദ്ധ്യവയസ്ക; രാഘവന്റെ അമ്മ |
| പണിക്കർ | പൊരുത്തുകാരൻ; വയസ്സ് 45 |
| ദിവാകരമേനോൻ | വക്കീൽ; ചെറുപ്പം, വിവാഹാർത്ഥി. |
| മധു | ലീലയുടെ അനുജൻ; കുട്ടി. |

#### രംഗം 1

(ഒരു വീടിന്റെ പൂമുഖം. സമയം രാത്രി 10 മണി. കയ്യില്ലാത്ത ഒരു ചാരുകസാലയും ചെറിയ രണ്ടുമൂന്നു കസാലകളും. കരുണാകരൻനായർ കസാലയിൽ ഇരിക്കുന്നു. മകൾ ലീല അടുത്തു നില്ക്കുന്നു. മൈക്കിലൂടെ കൊടുങ്കാറ്റടിക്കുന്നതുന്റേയും മരങ്ങൾ ഒടിയുന്നതിന്റേയും ശബ്ദം. അകത്തുനിന്ന് ഭാര്യ ലക്ഷ്മിഅമ്മ വിളിക്കുന്നു.)

ലക്ഷ്മിഅമ്മ: ലീലേ, ലീലേ!

ലീല: എന്താ അമ്മേ?

ലക്ഷ്മിഅമ്മ: കാറ്റടിക്കുന്നത് കാണാനില്ലേ? അകത്തേയ്ക്ക് പോരെ.

ലീല: അച്ഛൻ ഇവിടിരുന്നു വായിക്ക്വാണമ്മേ.

ലക്ഷ്മിഅമ്മ: (പുറത്തേയ്ക്കു വന്ന് പ്രവേശനദ്വാരത്തിൽ നിന്ന്) അച്ഛനെന്താ, അകത്തിരുന്നു വായിച്ചാൽ പോരെ?

കരുണാകരൻനായർ: പോരാ; ഒരു കാറ്റ് വരുമ്പോഴേയ്ക്ക് അകത്തു കടന്ന് വാതിലടച്ചിരിക്കാൻ വയ്യ.

ലക്ഷ്മിഅമ്മ: എന്നാൽ വേണ്ട, അച്ഛനും മകളുംകൂടി കൊടുങ്കാറ്റിലേയ്ക്കങ്ങട് ഊളി ഇട്ടോളിൻ. (ലക്ഷ്മിഅമ്മ അകത്തേയ്ക്കു പോകുന്നു)

(മൈക്കിലൂടെ മരംവീഴുന്ന ചടചടശബ്ദങ്ങൾ)

ലീല: അച്ഛാ, നമ്മുടെ തോട്ടത്തില് ഒരു മരവും ബാക്കിണ്ടാവില്യ.

അച്ഛൻ: അതെ, ഈ കൊടുങ്കാറ്റ് ഏതിനെ ഒക്ക്യാണ് അട്ടിമറിച്ചിട്ടാ എന്നറിയില്ല.

ലീല: ഇതിനെ ചങ്ങലയ്ക്കിടാൻ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞില്യലോ!

കരുണാകരൻനായർ: മെല്ലെമെല്ലെ അവർ അതും ചെയ്യും. പ്രകൃതിയുടെ എല്ലാ ചലനവും അവർ നിർത്തും. എന്നിട്ട് ലോകത്തെ മുഴുവൻ കൊടുങ്കാറ്റിൽ മുക്കാനുള്ള ഒരു ചെറിയ സ്വിച്ചുണ്ടാക്കി മനുഷ്യദ്രോഹികൾക്ക് അടിയറ വെയ്ക്കുംചെയ്യും.

ലക്ഷ്മിഅമ്മ: (അകത്തുനിന്ന്) അപ്പോൾ ഈ തത്വജ്ഞാനമൊക്കെ ഇങ്ങകത്തു വന്നിട്ടാവരുതേ!

ലീല: അയ്യയ്യോ! അമ്മടെ ഒരു പേടി!

കരുണാകരൻനായർ: അമ്മയ്ക്ക് നമ്മളെപ്പറ്റിയാണ് പേടി - വീട്ടിന്റെ ഉമ്മറത്തിരിക്കുന്നവരേപ്പറ്റി. ഇപ്പോൾ വഴിയിൽ എത്ര ആളുണ്ടാവും?

ലക്ഷ്മിഅമ്മ: (പുറത്തേയ്ക്കുവന്ന് ഒരു കസാലയിലിരുന്നിട്ട് ) കർക്കടകം പോണപോക്കില്

എന്തൊക്കെ ആപത്താണാവോ വരുത്തുക?

കരുണാകരൻനായർ: എന്താപത്തൊക്കെ വന്നാലും ലോകം അതെല്ലാം അതിജീവിക്കും.

ലീല: അതാ, മഴയും വരുന്നുണ്ട്.

(ഒരാൾ ഓടിവരുന്നു. സ്റ്റേജിൽ ഒരറ്റത്ത് നില്ക്കുന്നു. കിതയ്ക്കുന്നുണ്ട് )

കരുണാകരൻനായർ: ആരാത്? ഇങ്ങോട്ട് കേറിക്കോളൂ.

വന്ന ആൾ: വല്ലാത്ത കാറ്റ്. ഞാൻ ജീവിച്ചത് അത്ഭുതമാണ്. റോട്ടിൽ ഉടനീളം മരങ്ങൾ വീണിരിക്കുന്നു.

(മൈക്കിലൂടെ മഴ ശക്തിയായി പെയ്യുന്ന ശബ്ദം)

ലീല: എന്നാലും മഴയ്ക്കുമുമ്പു നിങ്ങളിങ്ങോട്ടെത്തി.

വന്ന ആൾ: അതെ, അല്ലെങ്കിൽ ഞാൻ മുഴുവൻ മരവിക്കുമായിരുന്നു.

കരുണാകരൻനായർ: നിങ്ങൾ എവിടുന്ന് വരുന്നു?

വന്ന ആൾ: ഞാൻ അങ്ങാടിയിൽനിന്നു മടങ്ങുകയായിരുന്നു, വീട്ടിലേയ്ക്ക്. ഇവിടുന്നു കഷ്ടിച്ച് മൂന്നു നാഴിക പോന്നു.

കരുണാകരൻനായർ: ആട്ടെ, ഇങ്ങോട്ടിരിക്കു, മുണ്ടു നനഞ്ഞിട്ടുണ്ടോ? മാറ്റണോ?

വന്ന ആൾ: വേണ്ട. മഴ ഇപ്പോഴേ തുടങ്ങിയുള്ളൂ.

കരുണാകരൻനായർ: ലീലേ, ആ കസാല ഇങ്ങോട്ടിട്ടുകൊടുക്കൂ.

വന്ന ആൾ: വേണ്ട, ഞാൻ  എടുത്തോളാം.

(കസാല വലിച്ചിട്ട് ഇരിക്കുന്നു)

(മൈക്കിലൂടെ ഒരു വലിയ കെട്ടിടം വീഴുന്ന ശബ്ദം)

ലക്ഷ്മിഅമ്മ: അയ്യോ, എന്താത് ! മേപ്പുര വീണോ?

ലീല: അമ്മേ, നമ്മുടെ വീടല്ല; ആ പടിഞ്ഞാറേലെ മാളികയാണ്.

കരുണാകരൻനായർ: ഓ, അത് കാറ്റില്ലാതെതന്നെ വീഴാൻ തയ്യാറായി നില്ക്കുന്നതാ.

വന്ന ആൾ: അതിൽ ആൾ പാർപ്പില്ലേ?

കരുണാകരൻനായർ: ഇല്ല; അവരെല്ലാം ഒഴിച്ചു പോയിരിക്കുന്നു.

വന്ന ആൾ: ഭയങ്കരശബ്ദം.

കരുണാകരൻനായർ: കൂറ്റൻ മാളികയായിരുന്നു.

ലക്ഷ്മിഅമ്മ: എല്ലാം നശിച്ചു. എന്തൊരു പ്രതാപത്തിലിരുന്ന തറവാടായിരുന്നു.

കരുണാകരൻനായർ: പഴയതെല്ലാം വീഴും.

ലീല: അത്രയ്ക്കൊന്നും പഴക്കമില്ലത്രെ അച്ഛാ ആ വീട്ടിന്. ആൾ താമസമില്ലാഞ്ഞിട്ട് ജീർണ്ണിച്ചതാണത്രേ.

വന്ന ആൾ: അതെന്താ? അവിടുത്തെ ആളുകൾ എവിടെപ്പോയി?

കരുണാകൻനായർ:  അവരെല്ലാം തമ്മിൽത്തല്ലി നാടു വിട്ടു.

(ഭയങ്കരമായി ഇടിവെട്ടുന്നു)

ലക്ഷ്മിഅമ്മ: ഇനിയെങ്കിലും ഇങ്ങട്ട് അകത്തേയ്ക്കിരിക്കിൻ കൂട്ടരേ.

കരുണാകരൻനായർ: ശരി, നമ്മൾക്കകത്തേയ്ക്കിരിക്കാം. ഇടിവെട്ടുന്നുണ്ട്.

വന്ന ആൾ:  അകത്തേക്കിരുന്നോളൂ. ഞാൻ ഈ മഴ മാറിയാൽ പോയ്ക്കോളാം.

കരുണാകരൻനായർ: അതുവേണ്ട. മഴ വേഗം മാറാനുള്ള ലക്ഷണമല്ല. നിങ്ങൾക്ക് ഇന്നിവിടെ കൂടാം. അപ്പോൾ എന്താ പേര്?

വന്ന ആൾ: രാഘവൻ എന്ന്. പാലക്കലത്തെയാ.

കരുണാകരൻനായർ: ഓ, ഞാൻ ഒരു ദാമോദരൻനായരെ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ...?

രാഘവൻ: മരുമകൻ.

കരുണാകരൻനായർ: പ്രവൃത്തി വല്ലതുമുണ്ടോ?

രാഘവൻ: ചക്കാട്ടലാണ് പ്രധാനപ്രവൃത്തി. സ്വന്തം ഒരു ചക്കുണ്ട്.

കരുണാകരൻനായർ: ഓ, അങ്ങിനേയോ?

ലക്ഷ്മിഅമ്മ: അതെന്തേ...പാലക്കലത്തോര് നല്ല സ്വത്തുകാരാണലോ. പിന്നെ എന്തേ

പഠിക്കാനൊന്നും പോവാത്തത്?

കരുണാകരൻനായർ: അതെ, ഞാനും അതാണാലോചിച്ചത്.

രാഘവൻ: പഠിക്കേണ്ട കാലത്തല്ലേ പഠിക്കാ? കോളേജ്കോഴ്സ് കഴിഞ്ഞ ശേഷമാണ് ഈ തൊഴിലിൽ ഏർപ്പെട്ടത്.

കരുണാകരൻനായർ: ഇത്ര അധികം ആദായകരമാണോ നാടൻ ചക്ക്?

രാഘവൻ: അല്ല. ആദായം വളരെ പരിമിതമാണ്. മില്ലുകൾ മാർക്കറ്റ് മുഴുവൻ കയ്യേറിയിരിക്കുന്നു. പക്ഷെ, കുറച്ചാളുകൾ ഉണ്ട് ഇപ്പോഴും നാടൻ ചക്കിനെ സഹായിക്കാൻ.

ലീല: അച്ഛാ, നല്ല രസമുണ്ട് ഈ ചക്കാട്ടല്, അല്ലേ? ഞാൻ ഒരിക്കലേ കണ്ടിട്ടുള്ളു.

കരുണാകരൻനായർ: വ്യവസായങ്ങൾക്ക് കാണാനുള്ള രസം പോരല്ലോ. പണമല്ലേ കാര്യം?

രാഘവൻ: ആദായം കമ്മിയാണെങ്കിൽ ജീവിതത്തോതും ചുരുങ്ങിയതാണ്. അപ്പോൾ അങ്ങിനെ നടന്നുപോവും. ഞങ്ങൾ നാടന്മാരല്ലേ!

കരുണാകരൻനായർ: എങ്കിലും ഒരു ഡിഗ്രിയെടുത്തവർ ഇത്തരം തൊഴിലിൽ ഏർപ്പെടുന്നത് അപൂർവ്വമാണ്.

(വീണ്ടും ഇടി വെട്ടുന്നു)

ആട്ടെ, നമുക്ക് അകത്തിരിക്കാം.

ലക്ഷ്മിഅമ്മ: വേണ്ട, വേണ്ട. ഇടിയും മഴയും കൊടുങ്കാറ്റും സ്നേഹിതന്മാരല്ലേ?

(എല്ലാവരും ചിരിക്കുന്നു അകത്തേയ്ക്കു പോകുന്നു-സ്ത്രീകൾ, പിന്നെ അതിഥി, വഴിയെ ആതിഥേയൻ ഇങ്ങിനെ.)

(കർട്ടൻ)

## രംഗം 2

(അതേ പൂമുഖം. സമയം പകൽ 10 മണി. പണിക്കർ അസ്വസ്ഥനായി ലാത്തുന്നു. കരുണാകരൻനായർ പ്രവേശിക്കുന്നു.)

കരുണാകരൻനായർ: ആങ്, പണിക്കര് ഇരിക്കിൻ. വല്ലാതെ ക്ഷീണിച്ചമാതിരി ഉണ്ടല്ലോ.

പണിക്കർ: നടന്നിട്ടുതന്നെ. ബസ്സില്ല. റോട്ടിൽ നിറച്ച് മരം വീണു കിടപ്പാണ്.

(കസാല നീക്കി രണ്ടാളും ഇരിക്കുന്നു)

(മൈക്കിലൂടെ ഒരു കുട്ടി പീപ്പി വിളിക്കുന്നു)

കരുണാകരൻനായർ: ഓ. ഇന്നലത്തെ കാറ്റ്. നാട് മുഴുവൻ തകർന്ന പോലെയുണ്ട്. ലക്ഷ്മീ!

(പീപ്പി വിളി)

ലക്ഷ്മിഅമ്മ: (പ്രവേശിച്ച് ) ആരാ, പണിക്കരോ?

കരുണാകരൻനായർ: കുറച്ചു കാപ്പി കൊണ്ടുവാ.

പണിക്കർ: ഓ, ഇപ്പോൾ വേണമെന്നില്ല.

കരുണാകരൻനായർ: കാപ്പിയുടെ സമയമാണല്ലോ. ഇത്ര നേരത്തെ വരുമെന്നറിഞ്ഞില്ല.

ലക്ഷ്മിഅമ്മ: കാപ്പികൊണ്ടുവരാം ഇവിടെ ഉണ്ടാക്കീതുണ്ടല്ലേ. ലീലേ, പണിക്കർക്ക് ഒരു കപ്പ് കാപ്പി ഇങ്ങെടുത്തോ. (മധു – ഒരു ചെറിയ കുട്ടി) വന്ന് ലക്ഷ്മിഅമ്മയെ ചാരിനില്ക്കുന്നു. അയാൾ തുടരെത്തുടരെ പീപ്പി വിളിക്കയാണ്.)

കരുണാകരൻനായർ: ഹെയ് ! ഇവൻ ഒരു കാര്യം പറയാൻ സമ്മതിക്കില്ലല്ലോ.

ലക്ഷ്മിഅമ്മ: മധു, നീ അപ്പുറത്തു പോയിട്ട് വിളിച്ചോ.

മധു: അപ്പുറത്തു നായയുണ്ട്.

ലക്ഷ്മിഅമ്മ: ഓ, നായിനെ പേടിയുള്ള ഒരുളേയ് !

മധു: നായ കടിക്കില്ലേ അച്ഛാ?

കരുണാകരൻനായർ: മോൻ അകത്തു മുറിയിൽപ്പോയി ഇരുന്ന് പീപ്പിവിളിച്ചോളൂ. ഇവിടെ പണിക്കരമ്മാമനില്ലേ? നോക്ക് .

മധു: പണിക്കരമ്മാമൻ കടിക്ക്വോ അച്ഛാ?

(എല്ലാവരും ചിരിക്കുന്നു)

പണിക്കർ: ഇല്യ മോനെ, പണിക്കരമ്മാമ കുട്ട്യോളെ കടിക്കില്ല്യ.

മധു: എന്നാൽ പീപ്പി വിളിക്കട്ടെ? പണിക്കരമ്മാമന് പീപ്പി വിളിക്കണോ?

ലീല: ഇതാ കാപ്പി കുടിച്ചോളൂ.

കരുണാകരൻനായർ: ലീലേ, നീയിപ്രാന്തനെ അപ്പുറത്ത് കൊണ്ടുപോ.

ലീല: മധു, വാ, നമ്മൾക്ക് മാല കെട്ടാലോ.

മധു: എനിക്ക് മാല കെട്ടിത്തര്വോ?

ലീല: ആങ്, നെണക്ക് തന്നെ വാ. (രണ്ടാളും പോകുന്നു)

കരുണാകരൻനായർ: അപ്പോൾ എന്തായി പണിക്കരേ, നമ്മുടെ കാര്യം?

പണിക്കർ: പറയാം.

ലക്ഷ്മിഅമ്മ: പണിക്കരേർപ്പെട്ടാൽ നേരെയാവാതിരിക്കില്യ.

പണിക്കർ: അല്ല, അതത്ര ഒറക്കണ്ട. പണിക്കര്ടെ ആ കാലമൊക്കെ പോയി. കരുണാകരൻനായരുടെ പേരുപറഞ്ഞതുകൊണ്ട് ഒരു വിധം ആലോചിക്കാമെന്നായിട്ടുണ്ട്.

ലക്ഷ്മിഅമ്മ: ദിവാകരമേനോന് സമ്മതമാണോ?

പണിക്കർ: അതെ. അതാണ് ഒരു ശുഭശകുനമുള്ളത്. വക്കീലിന്ന് കരുണാകരൻ നായരെപ്പറ്റി വലിയൊരഭിപ്രായമാണ്. എന്താ, നല്ല പേരാണലോ. താസിൽദാര് കരുണാകരൻനായര് എന്ന് മൂപ്പര് പഠിക്കണകാലത്തുതന്നെ കേട്ടിട്ടുണ്ടത്രേ, ഇത്ര സത്യനിഷ്ഠനായിട്ട് ഒരു ഉദ്യോഗസ്ഥനില്ലെന്ന്.

കരുണാകരൻനായർ: അതൊക്കെ ഉദ്യോഗള്ള കാലത്തല്ലേരുന്നു പണിക്കരേ? ഒരു പെൻഷൻകാരന്ന് എന്ത് പേരാ?

പണിക്കർ: അതു പറഞ്ഞിട്ടെന്താ? ഇവിടുന്നു സമ്പാദിച്ച പേര് പൂവ്വോ?

കരുണാകരൻനായർ: സത്യനിഷ്ഠനായ ഉദ്യോഗസ്ഥൻ എന്നു വെച്ചാലേ, പട്ടിണിക്കാരനായ പെൻഷൻകാരൻ എന്നാ അർത്ഥം.

പണിക്കർ: അയ്യയ്യയ്യോ! ശിവ, ശിവ! അത്രയ്ക്കൊന്നും വാരിക്കൂട്ടീട്ടില്ലെങ്കിലും ഇവിടേക്കിപ്പോൾ ആ സ്ഥിതിയൊന്നും എത്താറായിട്ടില്ല. ഒട്ടെത്തൂല്യ.

ലക്ഷ്മിഅമ്മ: ആട്ടെ ദിവാകരമേനോന്റെ അച്ഛന്നോ? അദ്ദേഹത്തിന്റെ അഭിപ്രായം എന്താ?

പണിക്കർ: അവിടെയാണ് ഞെരുക്കം. നമ്മുടെ കുട്ടീടെ തലേലെഴുത്തുപോലൊക്കെ വരും.

കരുണാകരൻനായർ: അതെന്താ, തുറന്നു പറയൂ. ലീലയുടെ തലേലെഴുത്തിനെപ്പറ്റി എനിക്ക് വലിയ ഭയമൊന്നും ഇല്ല്യ.

പണിക്കർ: ഹും ഭയമോ? എന്തിന്? ഞാൻ കണ്ടതല്ലേ ജാതകം ഇത്ര വിശേഷപ്പെട്ട ജാതകം അടുത്തൊന്നും ഞാൻ കണ്ടിട്ടില്ല.

കരുണാകരൻനായർ: പിന്നെ?

പണിക്കർ: കുട്ടിരാമമേനോനേയ് കുട്ടീടെ ഗുണദോഷോ, ബന്ധുക്കളുടെ ഗുണോ, ഇതൊന്വല്ല കാര്യം. ഇതൊക്കെ വേണ്ടതുതന്നെ. പക്ഷെ അതിലുമൊക്കെ പ്രധാനം പണമാണ്. മകൻ വക്കീലല്ലേ? ബാറിലൊരു നല്ല പേരും എടുത്തിട്ടുണ്ട്. അപ്പോൾ അതിനു തക്കവണ്ണം ഒരു കനം കിട്ടണമെന്നുതന്നെ!

ലക്ഷ്മിഅമ്മ: അതാണ് കാര്യം. പണമില്ലാതെ ഇക്കാലത്ത് ഭേദപ്പെട്ട ഒരാളേം കിട്ടില്ല.

കരുണാകരൻനായർ: അധഃപതനം. ആട്ടെ ദിവാകരമേനോന്നും ഇതുതന്നെയാ അഭിപ്രായം?

പണിക്കർ: മൂപ്പർക്ക് അതില്ലേയ്. പക്ഷെ അച്ഛന്റെ വാക്ക് തെറ്റി ഒട്ട് നടക്കൂംണ്ടാവില്യ.

കരുണാകരൻനായർ: അപ്പോൾ കാര്യം ഒന്നുതന്നെ.

ലക്ഷ്മിഅമ്മ: അതുപിന്നെ, കുറച്ച് ഗുരുത്വമുള്ള വല്ല മക്കളും അച്ഛനെ തെറ്റിനടക്ക്വോ? ആട്ടെ എത്ര വേണമെന്നാ?

കരുണാകരൻനായർ: എന്താ അത് ചോദിച്ചിട്ട്? നമുക്ക് പണമുണ്ടോ, എത്ര കുറച്ചായാലും കൊടുക്കാൻ!

ലക്ഷ്മിഅമ്മ: കുറച്ചൊക്കെ അതിന്നനുസരിച്ചില്ലെങ്കില് കുട്ടി അവരവര്ടെ വീട്ടിലിരിക്കും.

പണിക്കർ: അത്രയ്ക്കൊക്കെ സാധിക്കാത്ത ഒരു സംഖ്യ ഒന്നും ചോദിക്ക്ണില്ല്യേ.

ലക്ഷ്മിഅമ്മ: എന്നാലും കേക്കട്ടെ.

പണിക്കർ: 5000ക. കരുണാകരൻ നായരായതുകൊണ്ട്. പിന്നെ വക്കീലിന്നും ഇതാണിഷ്ടമെന്നറിഞ്ഞപ്പോഴാണ് സംഖ്യ ഇത്രയും ചുരുക്കിയത്.

ലക്ഷ്മിഅമ്മ: ഇതാ ഇത്ര ചുരുക്കം!

പണിക്കർ: അ. അ. അ. നല്ല കഥ. ഇന്നു പത്തോ പതിനഞ്ചോ കൊടുക്കാൻ ആളുണ്ടേയ്.

കരുണാകരൻനായർ: പണിക്കരേ, ആ ആലോചന നിർത്തിക്കളയൂ. തുടർന്നിട്ടു ഫലമില്ല. ഒന്നാമത് എന്റെ കയ്യിൽ പണമില്ല. രണ്ടാമത് എനിക്കീ സമ്പ്രദായവും ഇഷ്ടമല്ല.

പണിക്കർ: കരുണാകരൻനായരുടെ ഇഷ്ടം. പക്ഷെ, വിഡ്ഢിത്തായീന്ന് പിന്നെ തോന്നര്ത്. ദിവാകരമേനോൻ എന്നുവെച്ചാൽ പലരും കൊതിക്കുന്നതാ. പത്തോ പതിനഞ്ചോ എന്ന് ഞാൻ പറഞ്ഞത് ഒരതിശയോക്തീം അല്ല. ആരാണെന്നും അങ്ങോട്ട് പറഞ്ഞ്തരാം.

കരുണാകരൻനായർ: അല്ല, അതുകൊണ്ട് കാര്യമില്ല. 5000ക. നിസ്സാരമായിരിക്കാം. പക്ഷെ എന്റെ കഴിവിൽ കവിഞ്ഞതാണ്. പിന്നെ അത് ആശിപ്പിച്ചിട്ടെന്താ?

ലക്ഷ്മിഅമ്മ: വേണ്ട എന്നങ്ങട് പറയ്ാ! പെണ്ണ് ഇവിടെ ഇരുന്നോട്ടെ അല്ലെ?

കരുണാകരൻനായർ: വേറെ എന്ത് ചെയ്യും!

ലക്ഷ്മിഅമ്മ: എന്തു ചെയ്തിട്ടെങ്കിലും കുറെയൊക്കെ ഒപ്പിക്ക്ാ. കുറെയൊക്കെ പണിക്കരും വിടീപ്പിക്കും. ഞങ്ങള്ടെ കഥയൊക്കെ പണിക്കർക്കും അറിയാലോ.

പണിക്കർ: മുറിച്ച് പറയണ്ടാ എന്നാണ് എന്റേയും പക്ഷം. ശ്രമിച്ചുനോക്ക്.

മധു: (മാല കഴുത്തിലിട്ട് തുള്ളിച്ചാടി വന്ന്) അച്ഛാ, നോക്കൂ മാല. ലീലേടത്തി കെട്ടിത്തന്നതാ അച്ഛാ, നോക്കൂ. ഇനി ഞാൻ പീപ്പി വിളിക്കട്ടെ.

(തുടരെത്തുടരെ പീപ്പി വിളിക്കുന്നു)

(കർട്ടൻ)

## രംഗം 3

(അതേ പൂമുഖം. പ്രഭാതം 8 മണി. ലീല കസേലയിലിരുന്നു വായിക്കുന്നു. മൈക്കിലൂടെ നായ കുരയ്ക്കുന്ന ശബ്ദം. ലീല എഴുന്നേറ്റ് പ്രവേശനദ്വാരത്തിലേയ്ക്കു നോക്കുന്നു. അണിയറയിൽനിന്ന്)

"ഈ നായനെ പിടിക്കണേ!"

ലീല: അതു കെട്ടിലാണ്. പേടിക്കണ്ട.

(രാഘവനും ഒരു ചുമട്ടുകാരനും പ്രവേശിക്കുന്നു. ഒരു കൊട്ടയിൽ രണ്ടു കുല കായയും)

രാഘവൻ: എടോ ഇവിടെ ഇറക്കിക്കൊ.

ചുമട്ടുകാരൻ: ഇതൊന്നു പിടിച്ചുതര്ാ....ആവു! വല്ലാത്ത കനം.

(രാഘവൻ ചുമടിറക്കിക്കൊടുക്കുന്നു)

ലീല: കായയോ! ഇവിടെ അച്ഛൻ ഇല്ല.

രാഘവൻ: എടോ താൻ പൊയ്ക്കോളൂ.

ചുമട്ടുകാരൻ: ഓ–

(ശബ്ദം; നായ കുരയ്ക്കന്നു)

ചുമട്ടുകാരൻ: ഈ സെകിത്താനെ ചങ്ങലേന്ന് വിട്ടാൽ ദുനിയാവ് മുടിയും. (പോകുന്നു)

രാഘവൻ: അന്നു ഞാൻ വന്നപ്പോൾ ഇവിടെ നായ ഇല്ല.

ലീല: ഇതിനെ ഇയ്യിടെ കൊണ്ടുവന്നതാ.

രാഘവൻ: അച്ഛൻ ഇപ്പോൾ വരില്ലേ?

ലീല: കുറച്ചു താമസിക്കും. പാടത്തേയ്ക്കു പോയതാണ്. കൊയ്യാറായോ എന്നു നോക്കാൻ.

രാഘവൻ: ഈ കായ ഒന്നു അകത്തേയ്ക്കു വെച്ചേയ്ക്കു.

ലീല: അച്ഛൻ ഏല്പിച്ചതാണോ? ഇതിനെന്താ വില?

രാഘവൻ: വിലയോ? അത് അച്ഛനായിട്ട് പറഞ്ഞുകൊള്ളാം. ഇത് എടുത്തുവെച്ചാൽ മതി. അമ്മയും ഇല്ലേ ഇവിടെ?

ലീല: എന്നാൽ ഇരിക്കൂ. അമ്മ കുളിക്ക്ാണ്. ഇപ്പോൾ വരും അമ്മയ്ക്കറിയാം കായയ്ക്ക് വില പറയാൻ.

രാഘവൻ: അപ്പോൾ മകൾക്കു വയ്യാ എന്നു തീർച്ചയായി.

(ചിരി)

ലീല: ഞാൻ കച്ചവടം പഠിച്ചിട്ടില്ല.

രാഘവൻ: അത് ഇക്കാലത്ത് അഭിമാനകരമായ ഒരു പ്രസ്താവനയൊന്നുമല്ല.

ലീല: പിന്നെ എല്ലാവരും ചക്കാട്ടാനും കായ വില്ക്കാനും പഠിക്കണമെന്നാ?

രാഘവൻ: അതേ. അതുകൊണ്ടും അവസാനിച്ചില്യാന്നുമാത്രം. ഏതാണ്ട് എല്ലാറ്റിനെപ്പറ്റിയും സാമാന്യം ഒരറിവുവേണം. ഏതെങ്കിലും ഒരു തൊഴിലിൽ പ്രത്യേകമായിട്ടുള്ള അറിവും.

ലീല: അതില്ലാത്തവരൊക്കെ–?

രാഘവൻ: പ്രമാണിമാര്. എന്നു വെച്ചാൽ നേരം പുലർന്നിട്ടും ഉറങ്ങുന്നോര്.

ലീല: അപ്പോൾ ബുദ്ധിപരമായ പ്രവൃത്തിയൊന്നും പ്രവൃത്തിയല്ലേ? ചിന്തകന്മാരെല്ലാം ഉറങ്ങുന്നവരാണോ?

രാഘവൻ: എന്നു പറയാൻ എനിക്കു ധൈര്യമില്ല. ഒന്നുമാത്രം. വാഴയെപ്പറ്റി ചിന്തിക്കുക എന്നു വെച്ചാൽ വാഴക്കുലയുടെ വിലയെപ്പറ്റിക്കൂടി ചിന്തിക്കുക എന്നായിരിക്കണം അർത്ഥം.

ലീല: ഇപ്പോൾ കുറേശ്ശ മനസ്സിലാവുന്നുണ്ട്. സസ്യശാസ്ത്രം എന്നതിൽ അങ്ങാടി നിലവാരംകൂടി ഉൾപ്പെടുത്തണമല്ലെ?

രാഘവൻ: (ചിരിച്ചുകൊണ്ട്) വളരെ വേഗം പരിഹസിച്ചുകഴിഞ്ഞു! പക്ഷെ ഇതൊന്ന് ആലോചിക്കു. പരുത്തിച്ചെടിയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രമുണ്ട്. പിന്നെ, ഇവിടെ വർദ്ധിച്ചുവരുന്ന

ജനസംഖ്യയെ കാണിക്കുന്ന കാനേഷുമാരി റിപ്പോർട്ടുമില്ലേ? ഇതെല്ലാം ഒരേ അലമാറിയിലെങ്കിലും വെച്ചിരുന്നെങ്കിൽ ഇന്നിക്കാണുന്ന പൊരുത്തക്കേടും കുഴപ്പവും കുറച്ച് കുറയ്ക്കാമായിരുന്നില്ലേ?

ലീല: ഞാൻ പരിഹസിച്ചതല്ല. ക്ഷമിക്കണം. അപ്പോ ചക്കാട്ടല് മാത്രമല്ല പണി, അല്ലേ?

രാഘവൻ: പിന്നെ?

ലീല: രാഷ്ട്രീയവുംകൂടി ഉണ്ടെന്നു തോന്നുന്നു.

രാഘവൻ: അശേഷം ഇല്ല. എന്നുവെച്ചാൽ, രാഷ്ട്രീയാഭിപ്രായം ഇല്ല എന്നല്ല.

ലീല: പിന്നെ പാർട്ടി ഇല്ലെന്നോ?

രാഘവൻ: അതെ. അതിലൊട്ടു വിശ്വാസവും ഇല്ല.

ലീല: അതാ അമ്മ വരുന്നു.

(ലക്ഷ്മിഅമ്മ പ്രവേശിച്ച്): അല്ലാ, കായക്കച്ചോടോം ഉണ്ടോ?

രാഘവൻ: ഇത് കച്ചവടത്തിന്ന് അല്ല. അമ്മാമ പറഞ്ഞു. ഇത് ഇവിടെ കൊണ്ടുവന്നു തരാൻ. ഞങ്ങളുടെ ഒരു വിനീതമായ ഉപഹാരമാണ്.

ലക്ഷ്മിഅമ്മ: അമ്മാമന്നു ഞങ്ങളുമായി പരിചയമൊന്നുമില്ലല്ലോ.

രാഘവൻ: പരിചയം ഞാൻ മുഖേന തന്നെയാണ്. അന്നത്തെ കൊടുങ്കാറ്റിൽ ഞാൻ ഇവിടെയാണ് രക്ഷപ്പെട്ടതെന്ന് പറഞ്ഞു. അമ്മാമയ്ക്ക് കരുണാകരൻനായരെ അറിയാം. പക്ഷെ അമ്മാമ ഇപ്പോൾ തീരെ കിടപ്പിലാണ്. അല്ലെങ്കിൽ ഇവിടെ വന്നു കാണുമായിരുന്നു.

ലക്ഷ്മിഅമ്മ: പക്ഷെ ഇതിവിടെ വാങ്ങിവെച്ചാൽ ലീലടെ അച്ഛന് സുഖാവില്ല.

രാഘവൻ: അതു വിചാരിക്കരുത്! ഞങ്ങൾ കൃഷിക്കാരാണ്. യാദൃച്ഛികമായിട്ടെങ്കിലും പരിചയപ്പെട്ടപ്പോൾ ആ പരിചയം നിലനിർത്താൻ ആലോചിച്ചൂന്നുമാത്രം.

ലക്ഷ്മിഅമ്മ: അതിന്ന് ഇതെല്ലാം വേണോ?

രാഘവൻ: വേണ്ട. ആലോചനക്കുറവാണ് ഞാൻ ചെയ്തത്. എന്നാലും ഇത് സ്വീകരിക്കാത്തപക്ഷം ഞങ്ങൾ വ്യസനിക്കും.

ലക്ഷ്മിഅമ്മ: അയ്യേ, ഞാൻ നിങ്ങളെ വേദനിപ്പിക്കാൻ പറഞ്ഞതല്ലേയ്.

രാഘവൻ: എന്നാൽ ഞാൻ അടുത്തുവന്നു കണ്ടോളം. കരുണാകരൻനായർ വന്നാൽ പറയണം. എറങ്ങട്ടേ.

ലീല: അമ്മേ, എന്തെങ്കിലും അങ്ങട്ടും കൊടുത്തയക്ക്. അല്ലാതെ എന്താ ചെയ്യാ?

ലക്ഷ്മിഅമ്മ: അവര് അഭിമാനികളാണ്. ഒരു ദിവസം നമ്മളുടെ ആതിഥ്യം സ്വീകരിച്ചില്ലേ?

ലീല: ഭയങ്കരമായ അഭിമാനം! ഇതുകൊണ്ട് നമ്മൾക്കാണ് കുടുക്ക്.

ലക്ഷ്മിഅമ്മ: അതാ മധുവരുന്നു. അവൻ ഇപ്പോൾ ഈ കായയെല്ലാം ഇടിയും.

(മധു പ്രവേശിച്ച് )

അമ്മേ, ഇത് ഓണത്തിന് പഴുപ്പിക്കാനാ, അമ്മേ?

ലക്ഷ്മിഅമ്മ: അതേ. നീ അത് ഇടിഞ്ഞ് നാശാക്കരുത്. അച്ഛൻ വരട്ടെ. എന്നിട്ടേ എടുക്കാൻ പാടുള്ളു.

മധു: അമ്മേ, ഞാൻ ഇവിടെ ഇരുന്ന് അച്ഛൻ വരുന്നതുവരെ ഇത് നോക്കാം. അല്ലെങ്കിൽ ഇത് നായയൊ മറ്റൊ ഇടിയും, അല്ലേ അമ്മേ?

ലീല: കൊതിയന് തിന്നാൻ ബദ്ധപ്പാടായി.

മധു: ഏടത്തിക്കാ കൊതിക്ക് ബദ്ധപ്പാട്.

(എല്ലാവരും ചിരിക്കുന്നു)

(കർട്ടൻ)

## രംഗം 4

(അതേ പൂമുഖം. സമയം പ്രഭാതം. ഒരറ്റത്ത് പണിക്കരും ദിവാകരമേനോനും നിന്ന് അമർത്തിയ സ്വരത്തിൽ സംസാരിക്കുന്നു.)

പണിക്കർ: പിന്നെ, ദിവാകരമേനോൻ! ''എനിക്ക് സ്ത്രീധനം വാങ്ങൽ ഇഷ്ടല്ല. പക്ഷെ സ്ത്രീധനമില്ലാതെ അച്ഛൻ സമ്മതിക്കില്ല" എന്തേ? അവിടെ പിടിച്ചോളു. എങ്ങനെ?

ദിവാകരമേനോൻ: അതു ഞാൻ ഭംഗിയാക്കാം പക്ഷെ ഇതാ 5000 ത്തിൽ കുറഞ്ഞത് സമ്മതിക്കരുതേ!

പണിക്കർ: ആവു. അതിമ്മേലയ്ക്ക് എത്തില്ല.

ദിവാകരമേനോൻ: നിങ്ങളെന്താ പണിക്കരെ പറേണ്? ഇനീം രണ്ടുകൊല്ലം കഴിയാതെ സ്വന്തായിട്ട് പ്രാക്ടീസൊന്നും കിട്ടില്ല. അതുവരെ കഴിയണ്ടെ? പോരെങ്കില് ഈ ചരക്കിനെയും പുലർത്തണ്ടെ? നിങ്ങൾക്കും വല്ലതും വേണ്ടെ? 5000 പോരാന്നാ ഞാൻ പറയാ.

പണിക്കർ: അതു ശരി. പക്ഷെ പാകം വേണ്ടേ? ശ്..... അതാ കരുണാകരൻനായർ വരുന്നു.

(കരുണാകരൻനായർ പ്രവേശിക്കുന്നു)

ദിവാകരമേനോൻ: നമസ്കാരം; ഇരിക്കിൻ.

(കസേലകൾ നീക്കിയിട്ട് ഇരിക്കുന്നു.)

പണിക്കർ: അപ്പോ വക്കീലിന്ന് തിരക്കുണ്ട്. ഇത്രത്തോളം കൊണ്ടരാൻതന്നെ ഞാൻ മൂന്നു ദിവസ്സായി തപസ്സ്.

ദിവാകരമേനോൻ: കോർട്ടിൽ കുറച്ചധികം ജോലിത്തിരക്കുണ്ടായിരുന്നു.

കരുണാകരൻനായർ: ഓ, ഞാനങ്ങട്ട് വരാമായിരുന്നു.

പണിക്കർ: അല്ല അതോണ്ട് കാര്യല്യലോ. ഇദ്ദേഹത്തിന് കുട്ടിയെ ഒന്നു കാണണ്ടെ?

ദിവാകരമേനോൻ: അല്ല, അത്രയ്ക്ക് വിഷമമൊന്നുമില്ല. താമസിക്കാതെ പോകണമെന്നു മാത്രം.

കരുണാകരൻനായർ: അപ്പോൾ ഇനി എന്താ വേണ്ടത് പണിക്കരേ?

പണിക്കർ: ഞാനന്നു പറഞ്ഞതുതന്നെ. മൂപ്പരുടെ അച്ഛൻ ഒരു പൊടിക്ക് സമ്മതിക്ക്ണില്ല

ദിവാകരമേനോൻ: ഞാൻ വ്യസനിക്കുന്നു. സ്ത്രീധനം വാങ്ങുന്നതിന്ന് ഞാൻ എതിരാണ്. പക്ഷെ, അച്ഛനുള്ളപ്പോൾ അദ്ദേഹത്തിന്റെ വാക്ക് തെറ്റി നടന്നൂടലോ?

കരുണാകരൻനായർ: ലക്ഷ്മീ..........

ലക്ഷ്മിഅമ്മ: ഏങ്.....(പ്രവേശിക്കുന്നു)

കരുണാകരൻനായർ: ഇദ്ദേഹമാണ് ദിവാകരമേനോൻ.

ലക്ഷ്മിഅമ്മ: (ദിവാകരമേനോനോട്) അമ്മയ്ക്കും അച്ഛനുമൊക്കെ സുഖം തന്നെയല്ലെ?

ദിവാകരമേനോൻ: അതെ. അതെ.

കരുണാകരൻനായർ: പണിക്കരേ, സംഖ്യ ഉണ്ടാക്കണമെങ്കിൽ ഇതാ ഈ കുടിയിരുപ്പ് പണയപ്പെടുത്തണം. ഞാൻ വേറെ മാർഗ്ഗം കണ്ടിട്ടില്ല.

പണിക്കർ: പിന്നെയ്. അങ്ങനെ ചെയ്തിട്ടെങ്കിലും കാര്യം നടത്തണമെന്നാ ഞാൻ പറയാ. ഒരു കാര്യം ഉണ്ട്. ഇദ്ദേഹത്തിന്റെ അച്ഛൻ എന്നു പറഞ്ഞു. ഇനി എത്ര കാലണ്ടാവും! പിന്നെ ഈ സ്വത്തെല്ലാം ആർക്ക്?

കരുണാകരൻനായർ: പക്ഷെ, എനിക്കീ ഒരു മകൾ മാത്രല്ലലോ ഉള്ളു. അപ്പോൾ ഞാൻ ചെയ്യുന്നത് ശരിയാവോ?

ദിവാകരമേനോൻ: എങ്ങിനെയെങ്കിലും നിങ്ങളുമായിട്ടുള്ള ബന്ധംണ്ടായാൽ കൊള്ളാമെന്ന് എനിക്കുണ്ട്. അച്ഛനെക്കൊണ്ടാണ് ഈ ഒരു വിഷമം.

ലക്ഷ്മിഅമ്മ: അപ്പഴെയ്, സംശയിച്ച് നിൽക്കണ്ട. വാക്കുകൊടുക്ക്വാ. പിന്നെ വരുമ്പോലെ അനുഭവിക്കാം.

കരുണാകരൻനായർ: കുറച്ച് ചായ കൊണ്ടുവരാൻ പറ.

ലക്ഷ്മിഅമ്മ: ഇതാ ലീല കൊണ്ടുവരുന്നു.

(ലീല ഒരു ട്രേയിൽ ചായയുമായി പ്രവേശിക്കുന്നു)
കരുണാകരൻനായർ: ലീലേ, ഇദ്ദേഹമാണ് ദിവാകരമേനോൻ.
ലീല: (ചായ മേശപ്പുറത്ത് പതുക്കെ വെച്ചതിന്നുശേഷം ദിവാകരമേനോനെ നോക്കി) നമസ്ക്കാരം.
ദിവാകരമേനോൻ: നമസ്കാരം.
പണിക്കർ: എന്നാൽ നിശ്ചയിക്ക അല്ലെ?
കരുണാകരൻനായർ: അപ്പോൾ അയ്യായിരം തന്നെ വേണോ?
ദിവാകരമേനോൻ: കുറഞ്ഞാൽ അച്ഛൻ സമ്മതിക്കില്ല.
കരുണാകരൻനായർ: എന്താ ലക്ഷ്മീ, വേണ്ടത്?
ലീല: അച്ഛാ, ചോദിക്കട്ടെ. ഇത് എന്തിനാണച്ഛാ അയ്യായിരം?
(ദിവാകരമേനോനും പണിക്കരും അസ്വരസം നടിക്കുന്നു)
ലക്ഷ്മിഅമ്മ: നീ അപ്പുറം പോ. കുട്ടികൾക്കുള്ള കാര്യമല്ല.
ലീല: അല്ല. ഞാനൊന്നറിയട്ടെ. ഇങ്ങിനെ കഷ്ടപ്പെട്ട് അയ്യായിരം ഉറുപ്പിക കൊടുത്തിട്ടെങ്കിലും എന്നെ ഇവിടെനിന്നു പറഞ്ഞയയ്ക്കണമെന്നുണ്ടോ അച്ഛന്? ഞാൻ അത്രയ്ക്ക് ഭാരമാവുന്നുണ്ടോ?
കരുണാകരൻനായർ: മോളേ, നീയെന്താ ഈ ചോദിക്കിണത്? നീ എനിക്ക് ഭാരോ?
ലീല: അച്ഛാ, ഇവിടുത്തെ നായിനെ വിറ്റാൽ പത്തുറുപ്പികയെങ്കിലും കിട്ടും. ഒരു മനുഷ്യജീവിയെ കയ്യൊഴിക്കാൻ 5000ക.യും കൂടി കൊടുക്കണോ? വേണ്ട അച്ഛാ.
ദിവാകരമേനോൻ: അയ്യോ, ഞങ്ങൾ കേറിവന്ന് ഇരന്നതല്ല.
പണിക്കർ: കുഞ്ഞേ, ഇതൊരു സമ്പ്രദായത്തിന് യോജിച്ചതല്ലലോ.
ലക്ഷ്മിഅമ്മ: അയ്യേ, കുറവായി ലീലേ!
ലീല: ആട്ടെ; ഇതാണ് എന്റെ സമ്പ്രദായം.
ദിവാകരമേനോൻ: ഏതായാലും അച്ഛനെ അവമാനിക്കേണ്ടീരുന്നില്ല.
കരുണാകരൻനായർ: എനിക്കത് അവമാനമായി തോന്നുന്നില്ല. അവൾക്ക് വിദ്യാഭ്യാസമുണ്ട്. തന്റേടവുമുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ സന്തോഷിക്കയാണ്. നിങ്ങൾ എന്റെ സുഹൃത്തുക്കളാണല്ലൊ. നിങ്ങളും സന്തോഷിക്കയാണ് വേണ്ടത്. മോളേ, ഞാൻ ഈ ആലോചന അവസാനിപ്പിച്ചിരിക്കുന്നു.
(പണിക്കരും ദിവാകരമേനോനും എഴുന്നേൽക്കുന്നു)
പണിക്കർ: എന്നാൽ പോവ്വാ.
കരുണാകരൻനായർ: അങ്ങനെ ആട്ടെ.
(കർട്ടൻ)

**രംഗം 5**

(അതേ പൂമുഖം. അച്ഛൻ ഇരിക്കുന്നു. മകൾ അടുത്തു നില്ക്കുന്നു. പകൽ.)

ലീല: അച്ഛാ, ഞാൻ നൂൽനൂൽപ്പ് പഠിക്ക്ണ്ണ്ട്. അമ്മയ്ക്ക് അവമാനാത്രെ! അച്ഛനും അങ്ങിനെ ത്തന്നെയാണോ?

കരുണാകരൻനായർ: ലീലെ, കൈത്തൊഴിൽ ആർക്കും അവമാനമല്ല. പക്ഷെ, തുറന്നു പറയാണെങ്കിൽ അച്ഛനൊരു വ്യസനംണ്ട്.

ലീല: എന്താണച്ഛാ?

കരുണാകരൻനായർ: ഞാനെന്റെ മകളെ ഒരു നൂൽനൂൽപ്പുകാരിയായികാണാനല്ല ആശിച്ചത്. നിന്നെ അന്തസ്സുള്ളൊരു ഭർത്താവിനോടൊന്നിച്ചു കാണണമെന്നുണ്ടായിരുന്നു.

ലക്ഷ്മിഅമ്മ: (പ്രവേശിച്ച്) എങ്കിൽ മകളെ അങ്ങനെ പഠിപ്പിക്കേണ്ടീർന്നു.

(അടുത്ത കസേലയിൽ ഇരിക്കുന്നു.)

കരുണാകരൻനായർ: അവളുടെ പഠിപ്പ് തെറ്റിപ്പോയി എന്നെനിക്ക് തോന്നുന്നില്ല.

ലക്ഷ്മിഅമ്മ: തോന്നില്യ. അന്ന് നാലാളടെ മുമ്പില്വെച്ച് അവമാനിച്ചില്ലെ? എന്നിട്ടും തോന്നീല്യലോ.

കരുണാകരൻനായർ: ലീലേ, അമ്മ പഴയ തറവാടിത്തത്തെപ്പറ്റിയാണ് പറേണത്.

ലീല: പഴയ തറവാട്ടുസമ്പ്രദായത്തിൽ സ്ത്രീധനം കൊടുക്കലുണ്ടോ അച്ഛാ?

കരുണാകരൻനായർ: അതു നിന്റെ അമ്മ ആലോചിക്കിണില്യ. എങ്ങിനെയെങ്കിലും നിന്നെ ഒരു യോഗ്യന്റെ കൂടെ അയയ്ക്കണമെന്നാണവൾക്ക്. എനിക്കും മോഹമുണ്ടായി.

ലീല: അച്ഛാ, എന്റെ കാര്യത്തിന് ഞാൻ എത്ര വലിയ യോഗ്യനേയും ആശ്രയിക്കാതെ കഴിയാണെങ്കിൽ അതല്ലേ അധികം നല്ലത്?

കരുണാകരൻനായർ: ശരിയാണ്. പക്ഷെ ഞങ്ങളുടെ ഉള്ളിൽ ഇനിയും ചില പഴയ പാരമ്പര്യങ്ങൾ ഉണ്ട്.

ലക്ഷ്മിഅമ്മ: നിങ്ങളുടെ ഉള്ളിൽ ഒരു ശികരല്യ. ഉണ്ടെങ്കിൽ ആ ചക്കൂന്തുന്ന വിദ്വാനെ സ്നേഹിതനാണെന്നും പറഞ്ഞ് സൽക്കരിക്കില്യ. ആ വിദ്വാനാണ് ഇവളുടെ തലേല് ഈ വേണ്ടാത്തതെല്ലാം വലിച്ചിടുന്നത്.

കരുണാകരൻനായർ: (ഉദ്വേഗപൂർവ്വം) എന്നു വെച്ചാൽ......?

ലക്ഷ്മിഅമ്മ: എന്നുവെച്ചാൽ ഈ നൂൽനൂല്പിന്നുള്ള ശ്രമം. പിന്നെ, തന്നത്താൻ ജീവിക്കാനുള്ള അഹമ്മതിയും.

കരുണാകരൻനായർ: അത്രേ ഉള്ളു? അത് അഹമ്മതി അല്ല ലക്ഷ്മീ, തന്റേടമാണ്. ലോകം മാറിയിരിക്കുന്നു. ഈ മാറിയ ലോകത്തിൽ നീ ഉദ്ദേശിക്കുന്നപോലെ ചക്കുന്തൽ അവമാനമല്ല. മറിച്ച്, അഭിമാനമാണ്. ഈ ഉദ്യോഗത്തിന്ന് പോവലുണ്ടല്ലോ, അത് മാനക്കേടുമാണ്. തടി എളകി പണി ചെയ്യുന്നതിനേ ഉൽക്കൃഷ്ടതയുള്ളു.

ലക്ഷ്മിഅമ്മ: നിങ്ങൾ മാനം കെട്ടിട്ടാ ഉദ്യോഗം ഭരിച്ചതും നല്ല പേര് എടുത്തതും?

കരുണാകരൻനായർ: തോറ്റു. കാലം മാറിയെന്നു പറഞ്ഞില്ലേ? അതെന്താ നിനക്ക് മനസ്സിലാവാത്തത്? ഉദ്യോഗസ്ഥന്റെ മാനം അവന്റെ തടിച്ച ശമ്പളവും അധികാരവുമായിരുന്നു.

ലക്ഷ്മിഅമ്മ: ഇനി അതില്ലേ ലോകത്തില്?

കരുണാകരൻനായർ: ആവശ്യത്തിൽ കവിഞ്ഞ് വാങ്ങുന്ന കാശിന്ന് ഇന്ന് ചൂഷണമെന്നാണ് പേര്. അധികാരം വെറും മൃഗതൃഷ്ണയാണ് എന്ന് എത്രയോ വട്ടം തെളിഞ്ഞുകഴുഞ്ഞു.

ലക്ഷ്മിഅമ്മ: എന്നാലിവളൊരു ചാല്യേത്തിയും ആയിക്കോട്ടെ.

ലീല: അമ്മേ ചാല്യത്തിക്ക് വിലയുണ്ട്. അമ്മയുടെ മകളെപ്പോലെ 5000ക. വേണ്ടിവരില്ല, കയ്യൊഴിക്കാൻ.

കരുണാകരൻനായർ: ലീലേ, നമുക്കത് മറക്കാം.

(കർട്ടൻ)

## രംഗം 6

(അതേ പൂമുഖം. പ്രഭാതം.)

ലീല പാടുന്നു: സാധാരണമരമെന്നേ തോന്നി,
രചിച്ചീല ഞാൻ തടം പോലും
മണമിളകും മലർ നിരയാൽ
നാണിപ്പിക്കുന്നിതിന്നു ചെമ്പകമേ

(രാഘവൻ പ്രവേശിച്ച്)

ലീലേ, എന്നാലും മരത്തിന്ന് ഭാഗ്യമുണ്ട്. പൂക്കുന്നതിന്നുമുമ്പ് അത് വെട്ടി തീയിലിട്ടില്യലോ!

ലീല: അല്ല, ഇന്നിത്ര നേരത്തെ എന്തേ?

രാഘവൻ: എന്റെ അമ്മ എവിടെ?

ലീല: ഒ, അമ്മയെ കാണാഞ്ഞിട്ട് തൊണ്ട വലിഞ്ഞു പോയിരിക്കും!

രാഘവൻ: വീട്ടിൽ ആരുമില്ല്യേ?

ലീല: ഇതാ അമ്മ വരുന്നു. എന്റെ അമ്മയും.

(കുഞ്ഞുക്കുട്ടിഅമ്മയും ലക്ഷ്മിഅമ്മയും പ്രവേശിക്കുന്നു)

കുഞ്ഞിക്കുട്ടിഅമ്മ: എന്താ രാഘവാ, നമ്മൾക്ക് പോണ്ടെ?

ലക്ഷ്മിഅമ്മ: അപ്പോഴയ്ക്ക് തിരക്കായ്യോ കുഞ്ഞികുട്ട്യേമക്ക് പൂവാൻ?

കുഞ്ഞിക്കുട്ടിഅമ്മ: അവിടെ ആരാ, ഞാനിങ്ങിട്ട് പോന്നാൽ?

ലക്ഷ്മിഅമ്മ: അപ്പോൾ അമ്മയെ ഇനി അങ്ങട്ടും നടത്തുകതന്നയാ? വല്ലാത്തൊരു വ്രതം. വയ്യാത്തോർക്കും ബസ്സിൽ കയറിക്കൂടെ?

രാഘവൻ: അത് വ്രതമൊന്നുമല്ല. അമ്മയ്ക്ക് ബസ്സിൽ കയറിയാൽ തല ചുറ്റും.

ലീല: മകന്നും തല ചുറ്റും, കാശ് ചെലവായാലോന്നു വെച്ചിട്ട്.

കുഞ്ഞിക്കുട്ടിഅമ്മ: നേരാണ് ലീലേ. പത്തുനാഴിക ഉണ്ടെങ്കിലും രാഘവൻ നടക്കുകയേ ഉള്ളു.

രാഘവൻ: പക്ഷെ ഞാൻ അമ്മയെപ്പോലെ വയ്യാന്ന് പറയില്ല.

ലീല: അച്ഛൻ പറഞ്ഞു, അവിടന്ന് മടങ്ങിവന്നിട്ട്, നടന്നാലും നടന്നാലും തീരാത്ത വഴിയാണെന്ന്.

കുഞ്ഞിക്കുട്ടിഅമ്മ: ആവു, അദ്ദേഹം കഷ്ടത്തിലായിട്ടുണ്ടാവും.

ലക്ഷ്മിഅമ്മ: ലീലേ, നീയെന്താ ഇങ്ങനെ നില്ക്കണത്? കാപ്പി കൊണ്ടന്ന് കൊടുക്ക്.

മധു: (പ്രവേശിച്ച്) ആങ്......രാഘവേട്ടൻ വന്നു; നോക്കു രാഘേട്ടാ, എന്റെ പീപ്പി പൊട്ടി.

രാഘവൻ: പോട്ടെ, നമുക്ക് വേറെ ഉണ്ടാക്കാം.

മധു: എങ്ങിനെ, ഓലോണ്ടോ?

രാഘവൻ: ആങ്, അതിന് നല്ല ശബ്ദല്ല്യേ?

മധു: അസ്സലായിട്ടുണ്ട്. ഇന്നലെ ലീലേടത്തിടെ ചെകിട് പൊട്ടിച്ചു, ഊതീട്ട്.

രാഘവൻ: ഇന്നും പൊട്ടിക്കണം. ലീലേടത്തിയ്ക്ക് ചെകിട് വേണ്ട!

ലക്ഷ്മിഅമ്മ: മധൂന്റെ ചെകിട് പൊന്നാവണത് നോക്കിക്കോട്ടെ.

കുഞ്ഞിക്കുട്ടിഅമ്മ: കുട്ട്യോളുണ്ടെങ്കിൽതന്നേ ഒരരങ്ങുള്ളു. ഞങ്ങളുടെ വീട്ടിലതാ, ഒരെളക്കവുമില്ല, ഒരു ശബ്ദവുമില്ല.

മധു: അവിടെ ചക്കില്യെ?

ലക്ഷ്മിഅമ്മ: ഓ, പൊയ്ക്കോ ആട്ടാൻ.

മധു: ആങ് അമ്മേ, ഞാനിങ്ങനെ ചക്കാട്ടും (ചക്കാട്ടുന്നപോലെ വട്ടം ചുറ്റുന്നു)

ലക്ഷ്മിഅമ്മ: (ചിരിച്ചുകൊണ്ട്) അവിടെ ചെന്നിട്ടു മതി!

കുഞ്ഞിക്കുട്ടിഅമ്മ: അവന്റെ അച്ഛനെവിടെ?

ലക്ഷ്മിഅമ്മ: പല്ലുതേക്ക്യാണ്. രാഘവൻനായര് വന്നതറിഞ്ഞിട്ടില്ല. ഇതാ വരുന്നു.

(കരുണാകരൻനായർ പ്രവേശിക്കുന്നു.)

കരുണാകരൻനായർ: അല്ലാ, ഇപ്പോൾതന്നെ പുറപ്പെടറ്യോ?

കുഞ്ഞിക്കുട്ടിഅമ്മ: പൂവാതെ നിവൃത്തി ഇല്യലോ. എല്ലാവരെയും ഒന്നു കാണണംന്ന് മോഹംണ്ടാർന്നു. അത് സാധിച്ചൂലോ.

(ലീല കാപ്പി കൊണ്ടുവരുന്നു)

ലീല: അമ്മ, കാപ്പി കുടിക്കൂ.

കുഞ്ഞിക്കുട്ടിഅമ്മ: അങ്ങനെ ആവട്ടെ.

കരുണാകരൻനായർ: ഹെ. രാഘവന് കൊട്ക്ക്.

ലീല: അതിന് ഇവിടെ ഇപ്പോൾ കായ വേണോ അച്ഛാ?

(എല്ലാവരും ചിരിക്കുന്നു)

കരുണാകരൻനായർ: നിന്റെ പക തീരില്ല. കുഞ്ഞികുട്ട്യേമേ, രാഘവൻ ഒരിക്കൽ രണ്ടുകുല കായ കൊണ്ടന്നീരുന്നു ഇവിടെ. ഇവൾക്ക് അന്നുമുതൽക്ക് ഈ പകയാണ്.

കുഞ്ഞിക്കുട്ടിഅമ്മ: അവനത് അധികാരല്യാതെയാ കൊണ്ടന്നത്. അപ്പൊ അത് കേൾക്കണം.

ലീല: (പതുക്കെ) ഇതാ കുറച്ച് കാപ്പി കുടിച്ചോളൂ. (കാപ്പി കൊടുക്കുന്നു)

കുഞ്ഞിക്കുട്ടിഅമ്മ: ഞാനൊരു പെണ്ണിനെ പെറ്റില്യ. വയസ്സ് കാലോം ആയി. ഇങ്ങോട്ട് പോന്നേന് എനിക്ക് ഒരുദ്ദേശം ഉണ്ടായിരുന്നു. എങ്ങനയാ പറയാന്നാലോചിച്ചു കഴിഞ്ഞു, ഇന്നലെ –

(ലീലയും രാഘവനും, പിന്നാലെ മധുവും പോകുന്നു)

കരുണാകരൻനായർ: അതെന്താ, ഞങ്ങൾ അത്രയ്ക്ക് അന്യന്മാരാണോ?

കുഞ്ഞിക്കുട്ടിഅമ്മ: എനിക്കൊരു കുട്ട്യേ വേണം. അല്ല......ഒരു സങ്കോചം, ചോദിക്കാൻ.

ലക്ഷ്മിഅമ്മ: അതെന്താ?

കുഞ്ഞിക്കുട്ടിഅമ്മ: (ചിരിച്ച്) എന്റെ മകൻ ഒരു ചക്കാലനാ.

ലക്ഷ്മിഅമ്മ: (പൊട്ടിച്ചിരിച്ച്) അതോ! സങ്കോചം ഒട്ടും വേണ്ട. എന്റെ മകളൊരു ചാലിയത്ത്യാ.

കുഞ്ഞിക്കുട്ടിഅമ്മ: എന്നാൽ അങ്ങനെ ഒറക്ക്യാ അല്ലേ? എവടെ മക്കള്?

(എല്ലാവരും തിരിഞ്ഞുനോക്കുന്നു)

കരുണാകരൻനായർ: ലീലേ!

(രാഘവൻനായർ മധുവിനേയും പിടിച്ചു വരുന്നു)

മധു: (പുതിയ പീപ്പി ഊതിക്കൊണ്ട്) നോക്കു അച്ഛാ, രാഘേട്ടൻ ഉണ്ടാക്കീതാ.

കുഞ്ഞിക്കുട്ടിഅമ്മ: ലീല എവിടെ?

(ലീല വരുന്നു. ഈഷന്നമ്രമുഖയായി നിൽക്കുന്നു)

കുഞ്ഞിക്കുട്ടിഅമ്മ: (ലീലയോട്) അമ്മ വേഗംവരണ്ട്. അപ്പോ നിന്നേയും കൊണ്ടോവാം. ഇപ്പോൾ യാത്രല്യ.

മധു: എന്നെയും കൊണ്ടോവില്യേ?

കുഞ്ഞിക്കുട്ടിഅമ്മ: പിന്നെ? അല്ലെങ്കില് ചക്ക് വെറുതെ കെടക്കില്യെ? (കുനിഞ്ഞ് ഉമ്മവെയ്ക്കുന്നു)

(എല്ലാവരും ചിരിക്കുന്നു.)

(കർട്ടൻ)